പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 2

മേയ് 2017

ജനസർക്കാർ 1 വർഷം

## ഉറച്ചൊരൊന്നാം ചുവടാൽ കുതിച്ചുയർന്നു നാട്






'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മേയ് 2017


## അകത്ത്








സമഗ്രമാറ്റത്തിന് സുവർണ്ണതുടക്കം
പിണറായി വിജയൻ 5

വാഗ്ദാനസാഫല്യത്തിന്റെ ഒന്നാംവർഷം
ഡോ. കെ.ടി. ജലീൽ 8

തദ്ദേശസ്വയംഭരണ വകുപ്പ്-
പോയവർഷം ഫലസമൃദ്ധം
പഞ്ചായത്ത് ന്യൂസ് സർവീസ് 10

ഒരു വർഷം ഒത്തിരിനേട്ടം
പി. ബാല കിരൺ ഐ.എ.എസ് 13

തൊഴിലുറപ്പിന് പുത്തൻ ഉണർവ് 16

പിന്നാക്ക പഞ്ചായത്തുകൾക്ക് ഒരു കൈത്താങ്ങ് 17

വികസന വഴിയിലെ വിജയഗാഥ
എസ്. ഹരികിഷോർ ഐ.എ.എസ് 19

മികവുറ്റ പ്രവർത്തനങ്ങളുടെ ഒരു വർഷം
എം.പി. അജിത് കുമാർ 24

ശുചിത്വസാക്ഷാത്കാരത്തിനായി
ഡോ. കെ. വാസുകി ഐ.എ.എസ് 27

കില - നേട്ടങ്ങളുടെ പടവുകളിൽ
ഡോ. പി.പി. ബാലൻ 30

ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ
ടി.വി. അബ്ദുറഹിമാൻകുട്ടി 32

മൂല്യവർധനസാധ്യതകൾ പഴം പച്ചക്കറികളിൽ
ജോസഫ് ജോൺ തെറാട്ടിൽ 36


### പംക്തികൾ


വായിച്ചിരിക്കേണ്ട പുസ്തകം 34
വാർത്തകൾ വിശേഷങ്ങൾ 22
ഭൂതക്കണ്ണാടി 39
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

മേയ് 2017
പുസ്തകം 57 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# അദ്ധ്വാനത്തിന്റെ സിംഫണിയുമായി മേയ്

അദ്ധ്വാനത്തിന്റെ മൂല്യവും മഹത്വവും ചിന്തയിലും കർമ്മത്തിലും പ്രതിഫലിപ്പിക്കുന്ന മേയ് മാസത്തിൽ നമ്മുടെ സംസ്ഥാന സർക്കാരിന് ഒരു വയസ്സ് പൂർത്തിയാകുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന് മികവുകളുടെ വിളവെടുപ്പാണ്. ആയിരത്തിലധികം പ്രൊമോഷനുകൾ യാഥാർത്ഥ്യമായിക്കഴിഞ്ഞു. മുഖ്യ ഓഫീസുകളുടെ ആധുനികവൽക്കരണം ആരംഭിച്ചു. വകുപ്പ് സംയോജനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പഞ്ചായത്ത് വകുപ്പിൽ കേവലം ഒരു വർഷം കൊണ്ടാണ് സങ്കീർണ്ണമായ സർവ്വീസ്കുരുക്കുകൾ അനായാസം അഴിച്ചെടുത്തത്. ഉദ്യോഗക്കയറ്റം പഞ്ചായത്ത് സെക്രട്ടറിതലം വരെ നടത്താൻ ഇതിനകം സാധിച്ചു. മുകളിലോട്ടുള്ള ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ യഥോചിതം നിറയ്ക്കാൻ ബഹു.സുപ്രീംകോടതിയുടെ വിധിയുടെ പിൻബലത്തിൽ പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യ ചുവടാണ് ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചത്. മറ്റ് പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ വർഷങ്ങളായി കോടതിവ്യവഹാരം കാരണം മുടങ്ങികിടക്കുന്ന ഉദ്യോഗക്കയറ്റം നടത്തുന്നതിന് ആത്മാർത്ഥമായ ശ്രമം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകളും വസ്തുനികുതി കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സാംഖ്യ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മേയ് 31-നകം പൂർത്തീകരിക്കേണ്ടതുണ്ട്. വസ്തുനികുതി പരിഷ്കരണം കുറ്റമറ്റ രീതിയിലും ക്രമപ്രകാരവുമാണെന്നും ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

എറണാകുളത്തെ കടമക്കുടി ഗ്രാമപഞ്ചായത്ത് സമയനിഷ്ഠകർമ്മോന്മുഖതയുടെ ഉത്തമ മാതൃകയാണ്. 2017-18-ന്റെ പദ്ധതി അംഗീകാരം പൂർണ്ണമായും നേടിയ ഒന്നാമത്തെ ഗ്രാമപഞ്ചായത്തായി മാറിയ കടമക്കുടിയെ അഭിനന്ദിക്കുന്നു. മറ്റിടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറെക്കുറെ നിശ്ചയിച്ചതുപോലെ തന്നെ മുന്നോട്ടുപോവുകയാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസഭകൾ പൂർത്തീകരിച്ചിട്ടുണ്ട്. വികസന സെമിനാറുകൾ നടന്നുവരുന്നു. പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കേണ്ട അവസാന തീയതി മേയ് 31 ആണ്. ഇതിൽ വീഴ്ചവരുത്താതെ നോക്കണം. ജോലിഭാരത്തെ ജോലിമികവിനാൽ മറികടക്കണം.

കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് ഇ-ഗവേണൻസ് രംഗത്തും പദ്ധതി പ്രവർത്തനങ്ങളിലും ആധുനികവത്ക്കരണത്തിലും ചെറുതല്ലാത്ത മുന്നേറ്റം നടത്തുവാൻ നമുക്കായിട്ടുണ്ട്. ആ നേട്ടങ്ങൾ പകരുന്ന കരുത്തിൽ നിന്ന് ഊർജ്ജമെടുത്തുകൊണ്ട് പൂർവ്വാധികം കർമ്മശക്തിയോടെ ജീവനക്കാരും ജനപ്രതിനിധികളും ജനാഭിലാഷമറിഞ്ഞ് മുന്നേറുമെന്ന് പ്രതീക്ഷിക്കുന്നു.

**പി.ബാല കിരൺ ഐ.എ.എസ്**

*തിരക്കുള്ള തേനീച്ചയ്ക്ക്*
*ദുഃഖിക്കാൻ നേരമില്ല*
- വില്യം ബ്ലേക്ക്

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി. ബാല കിരൺ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി. ബാല കിരൺ ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

ജനസർക്കാർ 1 വർഷം

# സമഗ്രമാറ്റത്തിന് സുവർണ്ണ തുടക്കം

**പിണറായി വിജയൻ, മുഖ്യമന്ത്രി**



പ്രബുദ്ധമായ ജനവിധിയിലൂടെ അധികാരമേറ്റ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അഭിമാനാർഹമായ ഭരണ നേട്ടങ്ങളുടെ ഒരു വർഷം പിന്നിടുകയാണ്. ജനങ്ങളുടെ പ്രതീക്ഷകളെ ഊതിക്കത്തിക്കുന്ന ജനസമ്പർക്ക പരിപാടികളോ കൈയ്യടികൾക്കു വേണ്ടിയുള്ള പ്രഖ്യാപനങ്ങളോ അല്ല, ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണ് ഈ സർക്കാരിന്റെ മുഖമുദ്ര.

ലോകം ശ്രദ്ധിച്ച കേരള വികസനമാതൃകയുടെ തുടർച്ചയും വികാസവുമാണ് ഈ സർക്കാരിൽ നിന്ന് കേരളം പ്രതീക്ഷിക്കുന്നത്. ഉയർന്ന സാക്ഷരത, കൂടിയ ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, മെച്ചപ്പെട്ട സ്ത്രീപുരുഷ അനുപാതം മുതലായ മികച്ച നേട്ടങ്ങളുമായി ലോകനിലവാരത്തിലെത്തിയ കേരളമാണ് വികസനവും സാമ്പത്തിക വളർച്ചയും ഒന്നല്ലെന്ന് രാജ്യത്തിന് കാണിച്ചുകൊടുത്തത്. നാടിന്റെ മുഖച്ഛായ മാറ്റിയ സാമൂഹിക - രാഷ്ട്രീയ മുന്നേറ്റങ്ങളും ജനകീയ ഭരണനടപടികളുമാണ് ഇതു സാധ്യമാക്കിയത്. ലക്ഷക്കണക്കായ പ്രവാസികളുടെ സംഭാവന അതിനു സഹായകമാവുകയും ചെയ്തു. ഈ നേട്ടങ്ങൾക്ക് ശക്തി പകർന്ന ജനകീയാസൂത്രണം പുതിയ കാലത്തെ പുരോഗമനകേരളത്തിന്റെ മുഖമുദ്രയായി.

കേരളത്തിന്റെ നവോത്ഥാന നേട്ടങ്ങൾക്ക് തുടർച്ചയും വികാസവുമുണ്ടായത് പുരോഗമന പ്രസ്ഥാനങ്ങളുടെ മുൻകൈ പ്രവർത്തനങ്ങളിലൂടെയാണ്. ശക്തമായ ഭരണനടപടികളിലൂടെ ജനകീയ സർക്കാരുകൾ അതിന്റെ അടിത്തറ ബലപ്പെടുത്തി. സാമ്പത്തിക പിന്നോക്കാവസ്ഥയെ മറികടന്ന് സമ്പന്ന രാഷ്ട്രങ്ങളോട് കിടപിടിക്കുന്ന വികസന നേട്ടങ്ങൾ സ്വന്തമാക്കാൻ കേരളത്തിനായി.

കേരളത്തെ സംബന്ധിച്ചിടത്തോളം അധികാരവികേന്ദ്രീകരണത്തിന്റെ പാത സുഗമമായ ഒന്നായിരുന്നില്ല. സ്വന്തം കൈപ്പിടിയിലിരുന്ന അധികാരം ജനകീയ സമിതിൾക്കു വീതിച്ചു പോകുന്നതു കാണാൻ ഇഷ്ടപ്പെടാത്ത നിക്ഷിപ്ത താല്പര്യക്കാർ അധികാരവികേന്ദ്രീകരണത്തിനു തുരങ്കം വയ്ക്കാൻ ശ്രമിച്ചുപോന്നു. ജനങ്ങളുടെ ഭരണമെന്ന ആശയം യാഥാർത്ഥ്യമാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തിയും അതിന്റെ വിജയമായ ജനകീയാസൂത്രണവുമാണ്. പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ നിലവിൽ വന്ന സാഹചര്യം അതിനു സഹായകമായി. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ വമ്പിച്ച ജനപ

**ഏകീകൃതവും കാര്യക്ഷമവുമായ തദ്ദേശസ്വയം ഭരണ വകുപ്പും അതിനൊരു സംയോജിത സർവീസും എന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വിഭാവന ചെയ്തിട്ടുള്ളതാണ്. ഈ ലക്ഷ്യത്തിൽ നിന്ന് പിറകോട്ടില്ലെന്ന് സർക്കാർ ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി നിയോഗിച്ച തദ്ദേശസ്വയംഭരണ കമ്മീഷൻ വകുപ്പുകളുടെ സംയോജനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്.**

ങ്കാളിത്തം നാടിന്റെ വികസനലക്ഷ്യങ്ങൾ സംബന്ധിച്ച പുതിയ പ്രതീക്ഷകൾക്ക് തിരികൊളുത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെട്ടതോടെ ജനങ്ങളുടെ ഭരണമെന്ന ആശയം യാഥാർത്ഥ്യമായി.

കേവലം ഭൂരിപക്ഷത്തിന്റെ ഭരണമായിട്ടല്ല, തദ്ദേശസ്വയംഭരണം വിഭാവനം ചെയ്യപ്പെട്ടത്. ആരെയും അവഗണിക്കാത്തതും എല്ലാവർക്കും ഇടമുള്ളതുമായ ഒന്നായി കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനത്തെ മാറ്റുന്നതിന് കേരളത്തിലെ ജനകീയസർക്കാരുകൾ ഇച്ഛാശക്തിയോടെ പ്രവർത്തിച്ചു. പട്ടികജാതി-പട്ടിവർഗ്ഗ വിഭാഗങ്ങളെ പൊതുജീവിതത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവന്നതിൽ ജനകീയാസൂത്രണത്തിന്റെ പങ്ക് നിസ്തുലമാണ്. അത് അവഗണനയുടെ നാളുകൾക്കു വിരാമമിട്ടു. ശബ്ദമില്ലാത്തവർക്ക് ശബ്ദം നല്കി. ഗ്രാമസഭകൾ ആരും അന്യരല്ലാത്ത ജനാധിപത്യത്തിന്റെ അരങ്ങുകളായി. സമൂഹം കൂടെയുണ്ടെന്ന തോന്നൽ അഗതികളും നിരാശ്രയരുമായ ആയിരങ്ങൾക്ക് ആത്മവിശ്വാസം പകർന്നു. ജനകീയാസൂത്രണത്തിന്റെ കരുത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കു താങ്ങായി. സ്ത്രീകളെ പൊതുജീവിതത്തിന്റെ മുഖ്യധാരയിൽ ഉറപ്പിച്ചുനിർത്തുന്നതിൽ കേരളത്തിലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തി ചരിത്രപരമായ പ്രാധാന്യമുള്ളതാണ്.

ജനകീയ ഉള്ളടക്കമുള്ള സുസ്ഥിരവികസനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദത്തിനു വഴങ്ങി ഉദ്യോഗസ്ഥന്മാരെ തോന്നിയപടി സ്ഥലം മാറ്റുന്ന രീതിക്ക് ഈ സർക്കാർ വിരാമമിട്ടു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുകയെന്ന സർക്കാരിന്റെ നയം സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് ആത്മവിശ്വാസവും സുരക്ഷിതത്വബോധവും നല്കും. കാര്യക്ഷമതയുടെയും സുതാര്യതയുടെയും നാളുകൾ തിരികെയെത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിനഭരണത്തിലും പദ്ധതി നിർവ്വഹണത്തിലും പുതിയ ഉണർവ്വ് ദൃശ്യമായി. നോട്ടു പിൻവലിക്കൽ സൃഷ്ടിച്ച പ്രതിസന്ധിയിലും 2016-17 വാർഷിക പദ്ധതി മികച്ച വിജയമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞത് ഈ സാഹചര്യത്തിലാണ്. ഒന്നേ മുക്കാൽ ലക്ഷത്തോളം കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസുകൾ അനുവദിച്ച് കേരളത്തിലെ ഗ്രാമങ്ങളിൽ വെളിയിട വിസർജ്ജനം ഇല്ലാതാക്കിയത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു.

തദ്ദേശസ്വയംഭരണം കാര്യക്ഷമമാക്കുന്നതിനും വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനുമുള്ള ഭരണനടപടികളെ പുറകോട്ടടിച്ചുകൊണ്ടാണ് കഴിഞ്ഞ സർക്കാർ തദ്ദേശ സ്വയംഭരണവകുപ്പുകൾ വെട്ടിമുറിച്ച് പല മന്ത്രിമാർക്കായി വീതം വച്ചത്. ഏകീകൃതവും കാര്യക്ഷമവുമായ തദ്ദേശസ്വയംഭരണ വകുപ്പും അതിനൊരു സംയോജിത സർവീസും എന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വിഭാവന ചെയ്തിട്ടുള്ളതാണ്. ഈ ലക്ഷ്യത്തിൽ നിന്ന് പിറകോട്ടില്ലെന്ന് സർക്കാർ ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി നിയോഗിച്ച തദ്ദേശസ്വയംഭരണ കമ്മീഷൻ വകുപ്പുകളുടെ സംയോജനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെയും അതിലെ ആദ്യ വാർഷിക പദ്ധതിയുടെയും രൂപീകരണം കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞു. ആസൂത്രണ സമിതികളുടെ രൂപീകരണം ഈ പ്രക്രിയയുടെ ജനകീയ ഉള്ളടക്കം ശക്തമാക്കി. നാടിന്റെ വികസനപ്രവർത്തനങ്ങളിൽ താല്പര്യമുള്ളവരും പൊതുകാര്യങ്ങളിൽ സജീവമായി ഇടപെടുന്നവരുമായ വ്യക്തികൾക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ കൂടുതൽ ഫലപ്രദമായി പങ്കുകൊള്ളാൻ വികസനസമിതികൾ വേദിയൊരുക്കി. തദ്ദേശഭരണത്തിലെ ഉദ്യോഗസ്ഥ കേന്ദ്രീകരണം തിരിച്ചുകൊണ്ടുവരാൻ ശ്രമം നടക്കുന്നതായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആക്ഷേപമുയർന്നിരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള പിന്തുണാസംവിധാനങ്ങൾ അവയ്ക്കു നിർദ്ദേശിക്കപ്പെട്ട ചുമതലകൾ വേണ്ടുംവണ്ണം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുന്നതായും നിരീക്ഷിക്കപ്പെട്ടിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണസമിതികൾ നിലവിൽ വന്നതോടെ ഈ കുറവ് നികത്തപ്പെട്ടിരിക്കുന്നു.

പദ്ധതി ആസൂത്രണം ഒരു വർഷത്തേക്കു മാത്രമുള്ളതാകരുത്, ഒരു പഞ്ചവത്സരപദ്ധതിക്കാലമാകണം പ്രോജക്ട് ലക്ഷ്യങ്ങളുടെ പരിഗണനാകാലം. അതിനുമപ്പുറത്തുള്ള വലിയ ലക്ഷ്യങ്ങൾക്ക് കൂടുതൽ അടുത്തെത്താൻ പഞ്ചവത്സരപദ്ധതി സഹായകമാവുകയും വേണം. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾ എല്ലാ കാലത്തും സ്വീകരിച്ച ഈ സമീപനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൈമോശം വന്നു. ദീർഘവീക്ഷണത്തോടെയുള്ള വികസന പരിപാടികൾക്കേ സ്ഥായിയായ ഫലം ചെയ്യാൻ കഴിയൂ.

സുസ്ഥിരവികസനത്തിന്റെ മുൻഗണനകൾ സംബന്ധിച്ചുള്ള പുതിയൊരു അവബോധം

ജനകീയ ഉള്ളടക്കമുള്ള സുസ്ഥിരവികസനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദത്തിനു വഴങ്ങി ഉദ്യോഗസ്ഥന്മാരെ തോന്നിയപടി സ്ഥലം മാറ്റുന്ന രീതിക്ക് ഈ സർക്കാർ വിരാമമിട്ടു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുകയെന്ന സർക്കാരിന്റെ നയം സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് ആത്മവിശ്വാസവും സുരക്ഷിതത്വബോധവും നല്കും. കാര്യക്ഷമതയുടെയും സുതാര്യതയുടെയും നാളുകൾ തിരികെയെത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിനഭരണത്തിലും പദ്ധതി നിർവ്വഹണത്തിലും പുതിയ ഉണർവ്വ് ദൃശ്യമായി.



*നവകേരളത്തിനായി ജനകീയാസൂത്രണം പരിപാടിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.*

ലോകത്തെങ്ങും ശക്തിപ്പെട്ടുവരികയാണ്. വികസിത മുതലാളിത്ത രാജ്യങ്ങൾ പോലും പ്രാദേശിക വികസനത്തിന്റെയും സാമൂഹ്യനീതിയുടെയും പ്രശ്നങ്ങൾക്കു പരിഹാരം കാണുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. മണ്ണും ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളുടെ പരിപാലനം, മാലിന്യങ്ങളുടെ ശാസ്ത്രീയപരിചരണം, കൃഷിയുടെയും മൃഗസംരക്ഷണത്തിന്റെയും പ്രോത്സാഹനം, ജൈവകൃഷിയുടെ വ്യാപനം തുടങ്ങിയ മുൻഗണനകളിലേക്ക് കേരളത്തിലെ പ്രാദേശികാസൂത്രണം തിരിച്ചെത്തിയിരിക്കുന്നു.

ഉല്പാദനമേഖലയുടെ സുസ്ഥിരവികസനവും പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വനിതാക്ഷേമം, അഗതികളുടെ സംരക്ഷണം, പാലിയേറ്റീവ് പരിചരണം മുതലായ പരിഗണനാമേഖലകൾക്കുള്ള ഊന്നലും ഒരുമിച്ചു കൊണ്ടുപോകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നത് അഭിമാനകരമാണ്. 2030ലെ വികസന ലക്ഷ്യങ്ങളെക്കുറിച്ച് ഇപ്പോൾ തന്നെ ചർച്ച ചെയ്യാൻ കഴിയുന്ന നിലയ്ക്ക് പ്രാദേശികതല ആസൂത്രണത്തിലെ പൗരസമൂഹത്തിന്റെ പങ്കാളിത്തം വളർന്നിട്ടുണ്ട്. വികസന മേഖലകളുടെ മുൻഗണന നിർണ്ണയിക്കുന്നതിലും വികസനതന്ത്രം രൂപപ്പെടുത്തുന്നതിലും പരിപ്രേക്ഷ്യം വികസിപ്പിക്കുന്നതിലും ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് പ്രധാനമാണ്. അതിന് കഴിഞ്ഞതാണ് ജനകീയാസൂത്രണത്തിന്റെ വിജയം. ആ വിജയത്തിന്റെ വഴിയിലേക്ക് കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനത്തെ തിരിച്ചുകൊണ്ടുവരാൻ സർക്കാരിനു കഴിഞ്ഞിരിക്കുന്നു.

"നവകേരളത്തിന് ജനകീയാസൂത്രണം" എന്നതാണ് കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് നല്കുന്ന വികസന സന്ദേശം. ജനങ്ങളുടെ ജീവിതശൈലിയിലടക്കം മാറ്റമുണ്ടാക്കാൻ സഹായിക്കുന്ന ബൃഹദ്പദ്ധതികളാണ് സർക്കാർ ജനങ്ങൾക്ക് മുന്നിൽ വയ്ക്കുന്നത്. പരിസ്ഥിതി നാശവും വിഭവങ്ങളുടെ അമിതചൂഷണവും ഇല്ലാതാക്കി വികസനത്തിന്റെ പന്ഥാവ് പ്രബലപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ശ്രമങ്ങൾക്ക് ഹരിതകേരളമിഷൻ വഴികാട്ടുന്നു. മണ്ണും ജലവും ദുർബലവിഭാഗങ്ങളുടെ അധിവാസവ്യവസ്ഥകളും സംരക്ഷിച്ചുകൊണ്ടേ സുസ്ഥിരവികസനം സാധ്യമാകൂ. ഈ ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു വിജയിപ്പിച്ച വലിയ പ്രവൃത്തികൾ ഇവിടെ എണ്ണിപ്പറയുന്നില്ല. തണ്ണീർത്തടങ്ങൾ ശുചിയാക്കുന്നതിനും നാശോന്മുഖമായ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിനും ജലം സംരക്ഷിക്കുന്നതിനുമുള്ള മുൻകൈ പ്രവർത്തനങ്ങളിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യാപൃതരാണ്.

സാമൂഹികാരോഗ്യത്തിനുവേണ്ടിയുള്ള ജനകീയ മുന്നേറ്റത്തിന് "ആർദ്രം മിഷൻ" കരുത്തു പകരുന്നു. ജനകീയാസൂത്രണത്തിന്റെ തുടക്കം മുതല്ക്കു തന്നെ ആരോഗ്യമേഖലയ്ക്ക് സവിശേഷ പ്രാധാന്യം നല്കിയിരുന്നു. അർഹരായ എല്ലാവർക്കും പാർപ്പിടം ലഭ്യമാക്കുകയെന്ന "ലൈഫ് മിഷന്റെ" ലക്ഷ്യത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുതിപ്പു തുടങ്ങിക്കഴിഞ്ഞു. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവോടെ തുടങ്ങിയ അനാരോഗ്യകരമായ മത്സരം സ്കൂൾ വിദ്യാഭ്യാസരംഗത്തെ വഷളാക്കിയെന്ന ആക്ഷേപം നിലനില്ക്കുന്നു. പൊതുവിദ്യാഭ്യാസത്തെ, വിശേഷിച്ച് സ്കൂൾ വിദ്യാഭ്യാസത്തെ ജനകീയ ഇടപെടലിലൂടെ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ"ത്തെ ആവേശപൂർവ്വം വരവേറ്റിരിക്കുന്നു. നാം ജീവിക്കുന്ന നാട് ഇന്നത്തേതിനേക്കാൾ മികച്ചതാക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യബോധവും നിശ്ചയദാർഢ്യവും ജനങ്ങൾ ഏറ്റെടുത്ത ഒരു വർഷമാണ് കടന്നുപോകുന്നത്.

അധികാരവികേന്ദ്രീകരണത്തിന്റെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ ലക്ഷ്യങ്ങളാണ് കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് മുന്നിലുള്ളത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ സുവർണ്ണകാലത്തിലേക്ക് കേരളം കാലെടുത്തു വയ്ക്കുകയാണ്. അത് നവകേരളത്തിലേക്കുള്ള

നാം ജീവിക്കുന്ന നാട് ഇന്നത്തേതിനേക്കാൾ മികച്ചതാക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യബോധവും നിശ്ചയ ദാർഢ്യവും ജനങ്ങൾ ഏറ്റെടുത്ത ഒരു വർഷമാണ് കടന്നുപോകുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ ലക്ഷ്യങ്ങളാണ് കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് മുന്നിലുള്ളത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ സുവർണ്ണ കാലത്തിലേക്ക് കേരളം കാലെടുത്തു വയ്ക്കുകയാണ്. അത് നവകേരളത്തിലേക്കുള്ള ഉറച്ച ചുവടുവയ്പാണ്.

ജനസർക്കാർ 1 വർഷം

# വാഗ്ദാനസാഫല്യത്തിന്റെ ഒന്നാം വർഷം

ഡോ. കെ. ടി ജലീൽ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി



പഞ്ചായത്തുകളിലും നഗരസഭകളിലും നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന എല്ലാ നടപടികളെയും സർക്കാർ പിന്തുണയ്ക്കും, സഹായിക്കും.

ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ ഒരു വർഷം പൂർത്തീകരിക്കുകയാണ്. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ജനങ്ങൾക്ക് നൽകിയിരുന്ന വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് മുൻഗണന നൽകിയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അധികാരവികേന്ദ്രീകരണത്തിന് ഊന്നൽ നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശികസർക്കാരെന്ന നിലയ്ക്ക് ഭരണപരമായും സാമ്പത്തികമായും ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ പ്രഥമപരിഗണന നൽകുന്നത്. പഞ്ചായത്ത്, ഗ്രാമവികസന, നഗരകാര്യ വകുപ്പുകളെയും തദ്ദേശസ്വംയഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെയും സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരം, കൊച്ചി വികസന അതോറിറ്റികളൊഴികെയുള്ള വികസന അതോറിറ്റികളെ പിരിച്ചുവിട്ട് അവയെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ലയിപ്പിച്ചു. അധികാരവികേന്ദ്രീകരണ കാഴ്ചപ്പാടിന് അനുപൂരകമായിരുന്നു ഈ നടപടി. പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ മാനദണ്ഡപ്രകാരം തസ്തികകൾ സൃഷ്ടിച്ച് അവയിൽ ജീവനക്കാരെ നിയമിക്കുകയുണ്ടായി.

"നവകേരളത്തിന് ജനകീയാസൂത്രണം" എന്ന മുദ്രാവാക്യം മുന്നിൽവച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു. പദ്ധതി പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ പദ്ധതികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും വിദഗ്ധരുടെയും ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ഒരു കൂട്ടായ്മ രൂപപ്പെടുത്തി അവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം അണിചേർക്കുകയാണ്. നാടിന്റെ സാമൂഹ്യ-വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ നൂതനമായ ആശയങ്ങളും പ്രോജക്ടുകളും മുന്നോട്ടു വെയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എല്ലാവിധത്തിലും സഹായിക്കാൻ സർക്കാർ സന്നദ്ധമാകും.

അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും ഭവനരഹിതർക്കും ഭവനത്തോടൊപ്പം ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ്. സർക്കാരിന്റെ ഒന്നാം വാർഷികത്തിൽ 14 ജില്ലകളിലും പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കും. ഹരിത കേരളം മിഷൻ ഒരു രക്ഷാദൗത്യമാ



*പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരിച്ച ജനന-മരണ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച കൈപുസ്തകത്തിന്റെ പ്രകാ ശനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ നിർവ്വഹിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ.ജോസ് ഐ.എ.എസ്, പഞ്ചായത്ത് ഡയറക്ടർ പി.ബാലകിരൺ ഐ.എ.എസ്, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി.അജിത് കുമാർ, ജനന-മരണ വിഭാഗം ചീഫ് രജിസ്ട്രാർ കെ.പി.സാബുകുട്ടൻ നായർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ എം.എസ്.നാരായണൻ നമ്പൂതിരി, പബ്ലിസിറ്റി ആഫീസർ ജി.ഹരികൃഷ്ണൻ തുടങ്ങിയവർ സമീപം.*

ണ്. കാലങ്ങളായി നമ്മളിൽ നിന്ന് നഷ്ടപ്പെട്ട കാർഷിക സംസ്കാരം വീണ്ടെടുക്കലാണ് ലക്ഷ്യം. മാലിന്യ സംസ്കരണം. ജൈവകൃഷി, മണ്ണ് ജല സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയാണ്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായിട്ടുള്ള ഉറവിട മാലിന്യ സംസ്കരണത്തിന് പ്രോത്സാഹനം നൽകുന്നതോടൊപ്പം മറ്റ് അനുയോജ്യ രീതികളും മാലിന്യ സംസ്കരണത്തിന് പ്രയോജനപ്പെടുത്തും. കേരളത്തിന്റെ പരിസ്ഥിതിയിൽ ഉണ്ടായിട്ടുള്ള പരിക്കുകൾ പരിഹരിച്ച് ശുദ്ധവായുവും ശുദ്ധജലവും യഥേഷ്ടം ലഭിക്കുന്ന ഒരു പ്രദേശമായി കേരളത്തെ വീണ്ടെടുക്കുന്നതിനുള്ള വലിയ പരിശ്രമത്തിലാണ് സർക്കാർ. അതോടൊപ്പം ജൈവകൃഷിക്ക് പ്രാമുഖ്യം നൽകി വിഷരഹിത പച്ചക്കറി ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ സ്ഥായിയായി പരിഹരിക്കുന്നതിന് ദീർഘവീക്ഷണത്തോടെ ഒട്ടേറെ പദ്ധതികൾ സർക്കാർ ഏറ്റെടുക്കുന്നു. അതിൽ പ്രധാനപ്പെട്ടതെല്ലാം നടപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് എന്നതാണ് പ്രത്യേകത.

നഗരപ്രദേശത്ത് കെട്ടിട നിർമ്മാണ അനുമതി സുതാര്യമായും വേഗത്തിലും ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വെവ്വേറെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കും. കൂടാതെ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാനും പെർമിറ്റ് ഓൺലൈനായി അനുവദിക്കുന്നതിനുമുള്ള പൈ ലറ്റ് പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഈ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും കാര്യക്ഷമതാരാഹിത്യവും ഇതോടെ പരിഹൃതമാകും. നിലവിൽ കെട്ടിക്കിടക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അദാലത്തുകൾ കോർപ്പറേഷനുകളിൽ ആരംഭിച്ചു കഴിഞ്ഞു. ഇത് നഗരസഭകളിലേക്കും വ്യാപിപ്പിക്കും. നഗരസഭാ അദ്ധ്യക്ഷർ മുൻകൈയ്യെടുത്ത് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. പഞ്ചായത്തുകളിലും നഗരസഭകളിലും നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന എല്ലാ നടപടികളെയും സർക്കാർ പിന്തുണയ്ക്കും, സഹായിക്കും.

**കേരളത്തിന്റെ പരിസ്ഥിതിയിൽ ഉണ്ടായിട്ടുള്ള പരിക്കുകൾ പരിഹരിച്ച് ശുദ്ധവായുവും ശുദ്ധജലവും യഥേഷ്ടം ലഭിക്കുന്ന ഒരു പ്രദേശമായി കേരളത്തെ വീണ്ടെടുക്കുന്നതിനുള്ള വലിയ പരിശ്രമത്തിലാണ് സർക്കാർ. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ സ്ഥായിയായി പരിഹരിക്കുന്നതിന് ദീർഘവീക്ഷണത്തോടെ ഒട്ടേറെ പദ്ധതികൾ സർക്കാർ ഏറ്റെടുക്കുന്നു. അതിൽ പ്രധാനപ്പെട്ടതെല്ലാം നടപ്പാക്കുന്നത് തദ്ദേശ സ്ഥാപനങ്ങളിലൂടെയാണ്**

## തദ്ദേശസ്വയംഭരണ വകുപ്പ്

# പോയവർഷം ഫലസമൃദ്ധം

## 2016 മേയ് –2017 മേയ്

- തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, നഗരഗ്രാമാസൂത്രണം വകുപ്പ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതു സർവീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- തദ്ദേശസ്വയംഭരണ വകുപ്പിനെ അഴിമതിമുക്തവും സുതാര്യവുമാക്കുന്നതിനും പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ വെബ് അധിഷ്ഠിത പരാതി പരിഹാര ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം ആരംഭിച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. "നവകേരളത്തിന് ജനകീയാസൂത്രണം" എന്ന ലക്ഷ്യത്തോടെ ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നിർവഹണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക തരത്തിൽ പദ്ധതി രൂപീകരണ നിർവഹണ മാർഗരേഖകൾ ഉത്തരവുകളായി പുറപ്പെടുവിച്ചു.
- വെളിയിട വിസർജ്ജന വിമുക്ത പരിപാടിയുടെ ഭാഗമായി 2,02,178 ശൗചാലയങ്ങൾ നിർമ്മിച്ചു. 2017 മെയ് മാസത്തോടെ കേരളം സമ്പൂർണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി മാറും.
- തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതിക്കും സാങ്കേതിക അനുമതിക്കുമുള്ള എസ്റ്റിമേറ്റുകൾ, ടെണ്ടറുകൾ, ബില്ലുകൾ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ നിർബന്ധമാക്കി. അതിലൂടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തി.
- 5 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ – ടെണ്ടറിംഗ് ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കി
- പഞ്ചായത്ത് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും 941 ഗ്രാമപഞ്ചായത്തുകളും ഐ.എ-സ്.ഒ. നിലവാരത്തിലേക്കെത്തിക്കുന്നതിന് ലോകബാങ്ക് ഫണ്ടിൽ നിന്ന് 6 കോടി രൂപ വകയിരുത്തി. മെച്ചപ്പെട്ട സേ വനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.
- കെട്ടിട നിർമ്മാണചട്ടങ്ങൾ ലംഘിക്കപ്പെട്ട കാരണങ്ങളാൽ നിയമാനുസരണം കെട്ടിട നമ്പർ അനുവദിച്ചുനൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയായിട്ടുള്ളതുമായ 1500 ച. അടി. വരെയുള്ള കെട്ടിടങ്ങൾക്ക് താല്ക്കാലിക നമ്പർ നൽകാൻ ഉത്തരവു പുറപ്പെടുവിച്ചു. റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേരുചേർക്കൽ എന്നിവയ്ക്ക് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാം.
- വികസനപദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം ഒഴികെയുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി ഉയർത്തി. ജനറൽ വിഭാഗത്തിന് നിലവിലുണ്ടായിരുന്ന അമ്പതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും, എസ്. സി. വിഭാഗത്തിന്

അമ്പതിനായിരം രൂപയിൽ നിന്നും ഒന്നരലക്ഷം രൂപയായും, എസ് ടി വിഭാഗത്തിന് പരിധിയില്ലാതെയുമാണ് പുനഃക്രമീകരിച്ചത്.

- പ്രമോഷൻ സംബന്ധമായ കേസിനെ തുടർന്ന് ഒഴിഞ്ഞു കിടന്നിരുന്ന 276 സെക്രട്ടറി തസ്തികകളിൽ നിയമനം നടത്തി. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ 252 പേരെയും അക്കൗണ്ടന്റ് 185 ഹെഡ് ക്ലർക്ക് തസ്തികയിൽ 216 പേരെയും സീനിയർ ക്ലർക്ക് തസ്തികയിൽ 281 പെരെയും പ്രമോഷൻ നൽകി നിയമിച്ചു. ഈ പ്രമോഷനുകളെ തുടർന്ന് 500 ഓളം പേർക്ക് പി.എസ്. സി ലിസ്റ്റിൽ നിന്നും പുതുതായി നിയമന ഉത്തരവ് നൽകി.
- കേരളത്തിൽ 141 പഞ്ചായത്തുകളിൽ Well Recharging "ജലസുഭിക്ഷ" എന്ന പേരിൽ നടപ്പിലാക്കി. 2.25 ലക്ഷം കിണറുകളാണ് ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ റീചാർജ്ജ് ചെയ്യുന്നത്.
- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ – പേമെന്റ് സമ്പൂർണമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മലപ്പുറം,ആലപ്പുഴ ജില്ലകളിലെ മുഴുവൻ പഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽ വന്നു. വസ്തുനികുതി അടയ്ക്കൽ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങി നിരവധി സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാണ്. നെറ്റ് ബാങ്കിംഗ്, ഡെബിറ്റ്-ക്രഡിറ്റ് കാർഡുകൾ എന്നിവ വഴി ഇ-പേമെന്റ് സാധ്യമാകും.
- 12.08.2008 ന് മുമ്പ് നികത്തുകയോ നികത്തപ്പെടുകയോ ചെയ്യപ്പെട്ടതും ഡാറ്റാ ബാങ്കിലോ കരട് ഡാറ്റാബാങ്കിലോ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയിൽ നിർമ്മാണാനുമതി/ഒക്യുപൻസി/പെർമിറ്റ് എൻ.ഒ.സി നൽകുന്നതിന് സഹായകരമായ രീതിയിൽ സർക്കുലർ പുറപ്പെടുവിച്ചു.
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം മാർച്ച് 31-ാം തീയതി വരെ സംസ്ഥാനത്ത് 683.73 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കേന്ദ്ര സർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 113 ശതമാനം നേട്ടമാണ് ഈ ഇനത്തിൽ സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം കൈവരിച്ചത്.
- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2016-17 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 49 നഗരസഭകൾക്ക് 14.98 കോടി രൂപ അനുവദിച്ചു നൽകി. ഈ തുക വിനിയോഗിച്ച് ഇതുവരെ 2,92,974 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് 83 പ്രോജക്ടുകളിലായി 4.27 ലക്ഷം ഹെക്ടർ പ്രദേശത്ത് നീർത്തട പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി 18.36 ഹെക്ടർ പ്രദേശത്ത് അധികമായി ജലസേചനമെത്തിക്കാനും 13016 കർഷകർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ മഴവെള്ളക്കൊയ്ത്തിനും ജലസംഭരണത്തിനും ഉതകുന്ന 439 പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കു കയും നിലവിലുള്ള 420 നിർമ്മിതികളുടെ അറ്റകുറ്റ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.
- MGNREGSലെ കരാർ ജീവനക്കാരുടെയും അയ്യങ്കാളി നഗരതൊഴിലുറപ്പ് കരാർ തൊഴിലാളികളുടെയും വേതനം വർദ്ധിപ്പിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ വേതനം 16,500 രൂപയിൽ നിന്നും 25,000 രൂപയായി ഉയർത്തി. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 13,200 ൽ നിന്ന് 18,500 ആയി ഉയർത്തി. കരാർ ജീവനക്കാരുടെ തസ്തികകളിൽ 10% തസ്തികളിൽ എസ്.സി/എസ്.ടി. സംവരണം ഏ ർപ്പെടുത്തി.
- പുതിയതായി രൂപീകരിക്കപ്പെട്ട 28 നഗര



- പ്രധാനമന്ത്രി ഗ്രാമസഡക് യോജനയിൽ (പി.എം.ജി.എസ്.വൈ.) 14 ജില്ലകളിലായി 108 ഗ്രാമീണ റോഡുകളുടെ പ്രവർത്തി പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ 294 കി. മീറ്റർ ഗ്രാമീണ റോഡുകൾ ദേശീയ നിലവാരത്തിൽ പുനരുദ്ധരിച്ചു. ഈ ഇനത്തിൽ 212.93 കോടി രൂപ ഇതുവരെ ചെലവഴിച്ചു.



- കേരളത്തിൽ 141 ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജ്ജിംഗ് "ജലസുഭിക്ഷ" എന്ന പേരിൽ ആരംഭിച്ചു. 2.25 ലക്ഷം കിണറുകളാണ് ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ റീചാർജ്ജ് ചെയ്യാൻ ലക്ഷ്യമിടുന്നത്.

സഭകളിൽ 1317 തസ്തികകളും കണ്ണൂർ കോർപ്പറേഷനിൽ 177 തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തി.

- മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായി. ***ചരിത്രത്തിൽ ആദ്യമായാണ് കണ്ടിജന്റ് ജീവനക്കാർക്ക് പൂർണ ശമ്പള സ്കെയിൽ അനുവദിക്കുന്നത്.*** ഇവർക്കായി ഭവന വായ്പാ പദ്ധതി ആരംഭിച്ചു. 100 പേർക്ക് ഈ ആനുകൂല്യം നൽകി.
- തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 31 മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ചു.
- അയൽക്കൂട്ടങ്ങളുടെ എണ്ണം 2,71,000 ആയി വർദ്ധിച്ചു. ജനവരി മാസം കുടുംബശ്രീ ശാക്തീകരണത്തിനും പ്രത്യേക അയൽക്കൂട്ടങ്ങൾ ചേർന്നു. ഇതുവഴി 6768 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. അയൽക്കൂട്ടങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം 40 ലക്ഷത്തിൽ നിന്നും 50 ലക്ഷമായി വർദ്ധിച്ചു
- ട്രാൻസ്ജെന്റർ ഗ്രൂപ്പ് രൂപീകരണം - ട്രാൻസ്ജെന്റർ വിഭാഗത്തിൽ പെടുന്നവരുടെ മുഖ്യധാരാവൽക്കരണം സാമൂഹികവും സാമ്പത്തികവുമായ ഉന്നതി എന്നിവ ലക്ഷ്യമാക്കി കോഴിക്കോട്, എറണാകുളം, കാസർഗോഡ്, കോട്ടയം എന്നീ ജില്ലകളിൽ അയൽക്കൂട്ട രൂപീകരണവും യോഗങ്ങളും സംഘടിപ്പിച്ചു.
- 30 മെറ്റീരിയൽ റിക്കവറി സെന്ററുകൾ (എം.ആർ.എഫ്) ആരംഭിച്ചു
- റബ്ബർബോർഡുമായി ചേർന്ന് 30 പേർ അടങ്ങുന്ന ഹരിതസേന രൂപീകരിച്ചു.
- ശബരിമല തീർത്ഥാടകർക്ക് മികച്ച സേവനം നൽകുന്നതിനായി 7 കുടുംബശ്രീ കഫേ യൂണിറ്റുകൾ ആരംഭിച്ചു.
- സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള ലൈബ്രേറിയൻ. നഴ്സറി ടീച്ചർ എന്നിവരുടെ ഓണറേറിയം 12000 രൂപയായും, ആയയുടെ ഓണറേറിയം 8000 രൂപയായും വർദ്ധിപ്പിച്ചു. ഇത് യഥാക്രമം 2050 രൂപയും 1400 രൂപയും ആയിരുന്നു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*

- 7000 കുടുംബങ്ങൾക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും, 75000 കുടുംബങ്ങൾക്ക് കമ്പോസ്റ്റിംഗ് ഉപാധികളും നൽകി.



## പഞ്ചായത്ത് വകുപ്പ്

# ഒരു വർഷം ഒത്തിരി നേട്ടം

**പി.ബാല കിരൺ ഐ.എ.എസ്**

പഞ്ചായത്ത് വകുപ്പ് ഇന്നൊരു ഉണർവിന്റെ ഭൂമികയിലാണ്. ആമുഖവും അലങ്കാരവുമില്ലാതെ അടിവരയിട്ടു പറയാവുന്ന നേട്ടങ്ങളാണ് കഴിഞ്ഞ ഒരു വർഷം വകുപ്പിലുണ്ടായത്. നിരന്തരം ജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന ഒരു വകുപ്പെന്ന നിലയ്ക്ക്, സേവനാത്മകവും ജനോപകാരപ്രദവുമായ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്.

ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിന് പഞ്ചായത്ത് ഓഫീസുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചതും ആഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് 'ഫോർ ദ പീപ്പിൾ' ഓൺലൈൻ സംവിധാനം ആരംഭിച്ചതും സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്നതിന് സംവിധാനം ഒരുക്കിയതും ആഫീസുകളുടെ ആധുനികവത്കരണത്തിന് തുടക്കമിട്ടതു മെല്ലാം വകുപ്പിന്റെ മുഖച്ഛായ തന്നെ മാറ്റാനുതകുന്ന നടപടിയാണ്. കോടതിവ്യവഹാരങ്ങളിൽ മരവിച്ചുകിടന്ന ജീവനക്കാരുടെ സ്ഥാനക്കയറ്റങ്ങൾ സജീവമാക്കാനായത് പ്രാധാന്യമർഹിക്കുന്നു.

### സ്ഥാനക്കയറ്റവും പുതുനിയമനവും

കോടതിവ്യവഹാരങ്ങൾ കാരണം 2015 ജൂലൈ മുതൽ പഞ്ചായത്ത് വകുപ്പിലെ മുഴുവൻ തസ്തികകളിലെയും സ്ഥാനക്കയറ്റങ്ങൾ തടസ്സപ്പെടുകയുണ്ടായി. താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ നടത്താനുള്ള നടപടികൾ നിരവധി തവണ ഉപേക്ഷിക്കപ്പെട്ടതിനെത്തുടർന്ന് ബദൽ സംവിധാനമെന്ന നിലയിൽ കോടതി വ്യവഹാരങ്ങളുടെ പരിധിയിൽ ഉൾപ്പെടാത്ത വിഭാഗം ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ഓരോ തസ്തികയുടേയും ഗ്രഡേഷൻ ലിസ്റ്റുകൾ തയ്യാറാക്കുകയും നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത ലിസ്റ്റുകൾ അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും തുടർന്ന് താഴോട്ടുള്ള സ്ഥാനക്കയറ്റങ്ങളും നടത്തുവാൻ സാധിച്ചു.

വകുപ്പിലെ സുപ്രധാന തസ്തികയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 276 തസ്തികകളിലാണ് ജീവനക്കാരെ നിയമിച്ചത്. ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി - 252, ഹെഡ് ക്ലർക്ക് 216, അക്കൗണ്ടന്റ് 185, സീനിയർ ക്ലർക്ക് 281 എന്നിങ്ങനെ പ്രൊമോഷനുകൾ നടപ്പിലാക്കിക്കഴിഞ്ഞു. ഇപ്രകാരം വലിയ അളവിലുള്ള സ്ഥാനക്കയറ്റ ഉത്തരവുകൾ നടപ്പിലാക്കിയതിന്റെ ഫലമായി 539 പുതിയ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നൽകി. മാത്രമല്ല, സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ട 227 പേരുടെ ഗ്രഡേഷൻ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്.

### ഫോർ ദ പീപ്പിൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങളിലുള്ള കാലതാമസം എന്നിവ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും വെബ്പോർട്ടലിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി ലോകത്തെവിടെനിന്നും ഓഡിയോ വീഡിയോ ക്ലിപ്പിംഗ് ഉൾപ്പെടെ രേഖപ്പെടുത്തുന്നതിന് ഫോർ ദ പീപ്പിൾ എന്ന വെബ്പോർട്ടലിന് (www.pglsgd.kerala.gov.in) തുടക്കം കുറിച്ചു. ഓൺലൈൻ സംവിധാനത്തിലൂടെ പരാതിപ്പെടുക മാത്രമല്ല പരാതിക്ക് സമയബന്ധിതമായി പരിഹാരം നേടുന്നതിനും കഴിയും. പൊതുജനങ്ങൾക്കിടയിൽ വളരെ മികച്ച പ്രതികരണ

> **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങളിലുള്ള കാലതാമസം എന്നിവ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും വെബ്പോർട്ടലിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി ലോകത്തെവിടെനിന്നും ഓഡിയോ വീഡിയോ ക്ലിപ്പിംഗ് ഉൾപ്പെടെ രേഖപ്പെടുത്തുന്നതിന് ഫോർ ദ പീപ്പിൾ എന്ന വെബ്പോർട്ടലിന് (www.pglsgd.kerala.gov.in) തുടക്കം കുറിച്ചു.**



*പഞ്ചായത്ത് വകുപ്പിന്റെ വെബ്സൈറ്റിന്റെ ഉത്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ നിർവ്വഹിക്കുന്നു. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ.ജോസ് ഐ.എ.എസ്, പഞ്ചായത്ത് ഡയറക്ടർ പി.ബാല കിരൺ ഐ.എ.എസ്, ജനന-മരണ വിഭാഗം ചീഫ് രജിസ്ട്രാർ കെ.പി.സാബുകുട്ടൻ നായർ തുടങ്ങിയവർ സമീപം.*

മാണ് വെബ്പോർട്ടൽ ഉളവാക്കിയിട്ടുള്ളത്.

## വീട്ടിലെത്തിയ പെൻഷൻ

പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയും മണിയോർഡർ വഴിയും വിതരണം ചെയ്തിരുന്ന വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ വളരെയധികം താമസം നേരിടുന്നതായി വ്യാപകമായ പരാതി ഉയർന്നിരുന്നു. അതോടൊപ്പം ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഗുണഭോക്താക്കളുടെ പരാതിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനും പെൻഷൻ സമയബന്ധിതമായി ഗുണഭോക്താവിന് നേരിട്ട് കൈകളിലെത്തിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പ്, പ്രാഥമിക സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സഹായത്തോടെ നേരിട്ട് കളക്ഷൻ ഏജന്റുമാർ മുഖേന പെൻഷൻ വീടുകളിലെത്തിക്കുന്നതിന് സംവിധാനം ആവിഷ്കരിച്ചു. അതോടൊപ്പം തന്നെ വളരെ നാളുകളായി വിവിധ കാരണങ്ങളാൽ കുടിശ്ശികയായ പെൻഷൻ തുകയും വിതരണം ചെയ്യുന്നതിന് കഴിഞ്ഞു. ഇത് ഗുണഭോക്താക്കൾക്ക് ഏറെ ആശ്വാസം പകർന്നു. പെൻഷൻ ലഭിക്കാത്തതു സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഈ മാസം സംസ്ഥാനവ്യാപകമായി ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## കെട്ടിട നമ്പറിംഗ്- വ്യവസ്ഥയിൽ ഇളവ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചട്ടലംഘനം നടത്തിയ കാരണത്താൽ നിയമാനുസൃതം നമ്പർ ലഭിക്കാത്ത കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിക്കുന്നതിനുള്ള കെട്ടിട വിസ്തീർണ്ണ പരിധി 100$m^2$ എന്നുള്ളത് 1500 ചതുരശ്രയടിയായി വർദ്ധിപ്പിച്ചു. ഈ നടപടിയിലൂടെ ഓരോ പഞ്ചായത്തിലും വർഷങ്ങളായി നമ്പർ ലഭിക്കാതിരുന്ന നിരവധി കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുകയും അതുവഴി വൈദ്യുതി, റേഷൻകാർഡ്, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തു.

## തെരുവുനായ ശല്യത്തിനു പരിഹാരം

തെരുവുനായ ശല്യം ഫലപ്രദമായി തടയുന്നതിനുള്ള പ്രാരംഭനടപടികളായി. തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിത്തുടങ്ങി.

## ഇ-ഗവേണൻസ്

ഗ്രാമപഞ്ചായത്തുകളെയും വകുപ്പിലെ മറ്റ് ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാംഖ്യ സോഫ്റ്റ്വെയറിന്റെ ഭാഗമായുള്ള വെബ് മോഡ്യൂൾ, വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ, കെട്ടിട നിർമ്മാണ അനുമതിക്കുള്ള ഓൺലൈൻ സംവി

പഞ്ചായത്ത് വകുപ്പിനായി ആദ്യമായി ഒരു സ്വതന്ത്ര സമ്പൂർണ്ണ വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
www.dop.lsgkerala.gov.in



*ഓൺലൈൻ പരാതി പരിഹാര സംവിധാനമായ 'ഫോർ ദ പീപ്പിളി'ന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി ഡോ. കെ.ടി. ജലീൽ സമീപം.*

ധാനമായ സങ്കേതം, പഞ്ചായത്ത് യോഗനടപടികളും തീരുമാനങ്ങളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനുള്ള സകർമ്മ സോഫ്റ്റ്വെയർ, പഞ്ചായത്തുകളിലെ മരാമത്ത് പ്രവർത്തികൾ സുതാര്യമാക്കുന്ന പ്രൈസ് സോഫ്റ്റ്വെയർ എന്നിവയെല്ലാം പഞ്ചായത്തുകളിൽ സജ്ജമായിട്ടുണ്ട്. ഇവ പരിപൂർണ്ണമായി പ്രവർത്തനക്ഷ മമാകുന്നതോടെ സേവനം കാര്യക്ഷമവും സ ത്വരവും സുതാര്യവുമാകും.

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഇ-ആഫീസ് ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിത്തുടങ്ങി. അടുത്ത ഘട്ടമായി എല്ലാ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും ഇതു വ്യാപിപ്പിക്കും.

## വെബ്സൈറ്റ്- www.dop.lsgkerala.gov.in

പഞ്ചായത്ത് വകുപ്പിനായി ആദ്യമായി ഒരു സ്വതന്ത്ര സമ്പൂർണ്ണ വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വെർച്ചൽ ക്ലാസ് റൂം

ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനങ്ങൾ വികേന്ദ്രീകൃതമായി അതാത് പ്രദേശത്ത് തന്നെ നടത്താവുന്ന സംവിധാനമായ വെർച്ചൽ ക്ലാസ് റൂം യാഥാർത്ഥ്യമായി. സംസ്ഥാനത്ത് 28 ബ്ലോക്ക് പഞ്ചായത്തുകളോടനുബന്ധിച്ച് അത്യാധുനിക ദൃശ്യശ്രാവ്യ സംവിധാനം ഒരുക്കി ഒരേ സമയം 1200 പേർക്ക് സംസ്ഥാനത്തെ 28 പ്രദേശങ്ങളിൽ പരിശീലനം നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും.

## ആധുനികവത്ക്കരണം

1962 ലെ പഞ്ചായത്ത് വകുപ്പ് രൂപീകരണത്തിനുശേഷം ആദ്യമായി പഞ്ചായത്ത് ഡയറക്ടറേറ്റും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളും ആധുനികവും സാങ്കേതിക അനുയോജ്യവുമായ രീതിയിൽ 6 കോടി രൂപ ചെലവാക്കി ശാസ്ത്രീയമായി നവീകരിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചു.

## ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം ഇരട്ടിയായി വർദ്ധിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം പ്രവർത്തിക്കുന്ന സാംസ്കാരികനിലയം, ശിശുമന്ദിരം, എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 2050 രൂപയിൽ നിന്നും 12000 രൂപയായും ആയമാരുടേത് 1400 രൂപയിൽ നിന്നും 8000 രൂപയായും വർദ്ധിപ്പിച്ചു.

**1962 ലെ പഞ്ചായത്ത് വകുപ്പ് രൂപീകരണത്തിനു ശേഷം ആദ്യമായി പഞ്ചായത്ത് ഡയറക്ടറേറ്റും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളും ആധുനികവും സാങ്കേതിക അനുയോജ്യവുമായ രീതിയിൽ 6 കോടി രൂപ ചെലവാക്കി ശാസ്ത്രീയമായി നവീകരിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചു.**

# തൊഴിലുറപ്പിന് പുത്തൻ ഉണർവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം 683.95 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് അംഗീകൃത ലേബർ ബഡ്ജറ്റിന്റെ 113.4 ശതമാനമാണ്. അവിദഗ്ദ്ധ കൂലി ഇനത്തിൽ 2,14,476.03 ലക്ഷം രൂപയും സാധനഘടകം (വിദഗ്ദ്ധ കൂലി ഉൾപ്പെടെ) 16,628.72 ലക്ഷം രൂപയും ഭരണച്ചെലവ് ഇനത്തിൽ 11,581.55 ലക്ഷം രൂപയും ഉൾപ്പെടെ 2,42,686.3 ലക്ഷം രൂപ ആകെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## പദ്ധതിയിലെ മറ്റ് പ്രധാന മുന്നേറ്റങ്ങൾ

### ആധാർ അധിഷ്ഠിത വേതന വിതരണം.

2016-17 സാമ്പത്തിക വർഷം 89.65% വേതനം ആധാർ അധിഷ്ഠിതവേതന വിതരണ സംവിധാനത്തിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഉള്ള ആക്ടീവ് തൊഴിലാളികളുടെ വേതന വിതരണം ആധാർ മുഖേന നടത്തുന്നതിൽ ദേശീയതലത്തിൽ കേരളം ഒന്നാം സ്ഥാനത്തും രജിസ്റ്റർ ചെയ്ത ആകെ തൊഴിലാളികൾ ഉൾപ്പെടെ കണക്കാക്കുമ്പോൾ രണ്ടാം സ്ഥാനത്തുമാണ്.

2016-17 സാമ്പത്തിക വർഷം 89.65% വേതനം ആധാർ അധിഷ്ഠിത വേതന വിതരണ സംവിധാനത്തിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഉള്ള ആക്ടീവ് തൊഴിലാളികളുടെ വേതന വിതരണം ആധാർ മുഖേന നടത്തുന്നതിൽ ദേശീയതലത്തിൽ കേരളം ഒന്നാം സ്ഥാനത്തും രജിസ്റ്റർ ചെയ്ത ആകെ തൊഴിലാളികൾ ഉൾപ്പെടെ കണക്കാക്കുമ്പോൾ രണ്ടാം സ്ഥാനത്തുമാണ്.

### ജോബ്കാർഡ് വെരിഫിക്കേഷൻ

ആകെ രജിസ്റ്റർ ചെയ്ത തൊഴിൽകാർഡുകളുടെ 94.62 ശതമാനത്തിന്റെയും ആക്ടീവ് ജോബ്കാർഡുകളുടെ 97.31 ശതമാനത്തിന്റെയും വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

### Geo MGNREGA

2016-17 സാമ്പത്തിക വർഷംവരെ കേരളത്തിൽ പൂർത്തീകരിച്ച 9.9 ലക്ഷം പ്രവൃത്തികളിൽ 247724 ആസ്തികൾ ഇതിനോടകം ജിയോടാഗ് ചെയ്തിട്ടുണ്ട്.

### SECC Mapping

2011ൽ പൂർത്തീകരിച്ച സാമൂഹിക സാമ്പത്തിക ജാതി സർവ്വേ പ്രകാരം കണ്ടെത്തിയ ഭൂരഹിത അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങളിൽ സർവ്വെ നടത്തി തൊഴിൽകാർഡ് എടുക്കാത്ത കുടുംബങ്ങളെ കണ്ടെത്തി അവർക്ക് തൊഴിൽകാർഡ് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

## പ്രധാന പ്രവൃത്തികൾ

സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൻ 1,87,201 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

### പ്രകൃതിവിഭവ പരിപാലന പ്രവൃത്തികൾ

സംസ്ഥാനത്ത് ആകെ ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ 65.92 ശതമാനവും പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഇവയിൽ തടയണകളുടെ നിർമ്മാണം, കിണർ നിർമ്മാണം, കോണ്ടൂർ ബണ്ടിംഗ്, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ജലസേചന കുളങ്ങളുടെ നിർമ്മാണം, വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലനവും എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. 4,282 കുളങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാതയോരത്ത് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയിൽ ഉൾപ്പെടുത്തി 1619 കിലോമീറ്ററിൽ മരങ്ങൾ വച്ചുപിടിപ്പിച്ചു.

കിണർ റീചാർജ്ജിംഗ് നടപ്പാക്കുവാനായി ജലസുഭിക്ഷ എന്ന പേരിൽ ഒരു പ്രത്യേക പരിപാടി നടപ്പാക്കിവരുന്നു. ആദ്യ ഘട്ടത്തിൽ 142 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. 1,14,694 യൂണിറ്റുകളുടെ നിർമ്മാണം ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനോടകം 3884 കിണർറീച്ചാർജ്ജിംഗ് യൂണിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

രാജ്യത്ത് അതീവ ഗുരുതരമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന 2264 ബ്ലോക്കുകളുടെ പട്ടികയിൽ കേരളത്തിൽ നിന്നും ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് എന്നീ ബ്ലോക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ബ്ലോക്കുകൾക്കായി മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**വ്യക്തിഗതആസ്തികൾ**

സംസ്ഥാനത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ 42.3 ശതമാനവും സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഇതിൽ കുടിവെള്ള കിണറുകളുടെ നിർമ്മാണം, ഐ.എ.വൈ, പി.എം.എ-.വൈ പദ്ധതികളുമായി ബന്ധപ്പെട്ട് നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം, ഭൂവികസനം, വ്യക്തിഗതകക്കൂസുകളുടെ നിർമ്മാണം (2016-17 സാമ്പത്തിക വർഷത്തിൽ 5,708 എണ്ണം പൂർത്തീകരിച്ചു). ചഅഉഋജ/മണ്ണിര കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (2016-17 സാമ്പത്തിക വർഷത്തിൽ 1,411 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.) എന്നിവ ഉൾപ്പെടുന്നു.

**അംഗൻവാടി നിർമ്മാണം**

2017-18 സാമ്പത്തികവർഷം 1,000 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇവയിൽ 132 അംഗൻവാടികളുടെ നിർമ്മാണം പുരോഗമിക്കുന്നു.




# പിന്നാക്ക പഞ്ചായത്തുകൾക്ക് ഒരു കൈത്താങ്ങ്

ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള മൂലധന ആസ്തികൾ സൃഷ്ടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ രൂപം കൊടുത്ത പദ്ധതിയാണ് തദ്ദേശമിത്രം (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്).

ആറുവർഷത്തെ പ്രവർത്തന കാലയളവിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി 1370 കോടി രൂപയാണ് പെർഫോമൻസ് ഗ്രാന്റായി വിതരണം ചെയ്തത്. മേഖലാ വിഭജനം ബാധകമല്ലാത്ത ഉപാധിരഹിതമായ പെർഫോമൻസ് ഗ്രാന്റ് ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കുന്ന പ്രവണതയ്ക്ക് കുറവു വരുത്തുകയും പശ്ചാത്തല സൗകര്യവികസനത്തിന് ഉതകുന്ന മൂലധന ആസ്തികൾ സൃഷ്ടിക്കുകയും ചെയ്തു.

പെർഫോർമെൻസ് ഗ്രാന്റ് ഉപയോഗിച്ച് ഏകദേശം 35,000 പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയത്. മിനി/ഇൻഡോർ സ്റ്റേഡിയം, പാലിയേറ്റിവ് കെയർ, ജീറിയാട്രിക് കെയർ സംവിധാനങ്ങൾ, ഡയാലിസിസ് യൂണിറ്റുകൾ, ബഡ്സ് സ്കൂളുകൾ, ആധുനിക ശ്മശാനങ്ങൾ, മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ, കുട്ടികളുടെ പാർക്കുകൾ, തടയണകൾ, കുടിവെള്ള പദ്ധതികൾ, പ്രാഥമിക/സാമൂഹിക ആരോഗ്യകേന്ദ്രങ്ങളുടെ ആധുനികവല്ക്കരണം, ലൈബ്രറികൾ, ബസ്സ്റ്റാന്റ്, തെരുവ് വിളക്കുകൾ, സോളാർ വൈദ്യുതി, പഞ്ചായത്ത് /മുനിസിപ്പൽ ഓഫീസുകളുടെ ആധുനികവല്ക്കരണം, ഖര-ദ്രവ മാലിന്യ സംസ്ക

പെർഫോർമെൻസ് ഗ്രാന്റ് ഉപയോഗിച്ച് ഏകദേശം 35,000 പദ്ധതികളാണ് നടപ്പാക്കിയത്. മിനി/ഇൻഡോർ സ്റ്റേഡിയം, പാലിയേറ്റിവ് കെയർ, ജീറിയാട്രിക് കെയർ സംവിധാനങ്ങൾ, ഡയാലിസിസ് യൂണിറ്റുകൾ, ബഡ്സ് സ്കൂളുകൾ, ആധുനിക ശ്മശാനങ്ങൾ, മത്സ്യ മാർക്കറ്റുകൾ, അറവു ശാലകൾ, സോളാർ വൈദ്യുതി, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, എന്നിവ തദ്ദേശ മിത്രത്തിന്റെ സഹായത്തോടെ കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൂർത്തിയായ പദ്ധതികളിൽ ചിലത് മാത്രമാണ്.



സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന 40 ഗ്രാമപഞ്ചായത്തുകൾക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 10 മുനിസിപ്പാലിറ്റികൾക്കും ഒറ്റത്തവണ സാമ്പത്തിക സഹായമായി 2 കോടി രൂപ വീതം നൽകുന്നതിനാണ് സർക്കാർ പദ്ധതി തയ്യാറാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും പട്ടികവർഗ്ഗ പഞ്ചായത്തുകളുടെ വികസനത്തിനുമായാണ് ഈ തുക ചെലവഴിക്കപ്പെടുന്നത്.

രണ സംവിധാനങ്ങൾ, കടത്തുയാത്രാസൗകര്യം എന്നിവ തദ്ദേശമിത്രത്തിന്റെ സഹായത്തോടെ കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൂർത്തിയായ പദ്ധതികളിൽ ചിലത് മാത്രമാണ്.ഇതോടൊപ്പം തന്നെ ഒട്ടേറെ വർഷങ്ങളായി കുടിശ്ശികയായിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സംവിധാനം കാലികമാക്കുന്നതിന് തദ്ദേശമിത്രം ഒരു വലിയ പങ്കാണ് വഹിച്ചത്. വാർഷികമായി നൽകുന്ന ഗ്രാന്റ് പ്രവർത്തനമികവ് വിലയിരുത്തിയതിന ശേഷം നൽകിയതും തദ്ദേശമിത്രമാണ്. സംസ്ഥാനത്താദ്യമായി നടപ്പാക്കിയ പദ്ധതികൾ പാരിസ്ഥിതിക മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്നറിയാനായി പാരിസ്ഥിതിക ഓഡിറ്റ് നടത്തിയത് തദ്ദേശമിത്രമാണ്.

രൂപയും ഡോളറും തമ്മിലുള്ള വിനിമയ നിരക്കിൽ വന്ന അന്തരം മൂലം പ്രോജക്റ്റിന്റെ അവസാന വർഷം നല്ലൊരു തുക സേവിംങ്ങ്സായി ലഭ്യമായി. പല കാരണങ്ങളാൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി രൂപം കൊള്ളുന്നത് ഈ സാഹചര്യത്തിലാണ്.

സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന 40 ഗ്രാമപഞ്ചായത്തു കൾക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 10 മുനിസിപ്പാലിറ്റികൾക്കും ഒറ്റത്തവണ സാമ്പത്തിക സഹായമായി 2 കോടി രൂപ വീതം നൽകുന്നതിനാണ് സർക്കാർ പദ്ധതി തയ്യാറാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും പട്ടികവർഗ്ഗ പഞ്ചായത്തുകളുടെ വികസനത്തിനുമായാണ് ഈ തുക ചെലവഴിക്കപ്പെടുന്നത്. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെയാണ് പഞ്ചായത്തുകളെ തെരഞ്ഞെടുത്തത്.

ഈ പദ്ധതിക്ക് കീഴിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പ്രാഥമിക പഠനം നടത്തുന്നതിനായി വിദഗ്ധാംഗങ്ങൾ അടങ്ങുന്ന സന്നദ്ധ സംഘടനകളെ നിയോഗിച്ചിരുന്നു. പ്രദേശവാസികളുമായും ജനപ്രതിനിധികളുമായും ചർച്ചകൾ നടത്തിയതി ന്റെ കൂടെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ടുകളുടെ വിശദ പദ്ധതി രൂപരേഖ തയ്യാറാക്കിയതും സന്നദ്ധ സംഘടനകളാണ്. ആകെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 20 സന്നദ്ധ സംഘടനകളെയാണ് ചുമതലപ്പെടുത്തിയത്.

പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സാധാരണഗതിയിൽ നടപ്പാക്കാനാവാത്ത അവരുടെ ഒട്ടേറെ സ്വപ്നപദ്ധതികൾക്കാണ് ഈ നവപദ്ധതിയിലൂടെ ജീവൻവെച്ചത്. തദ്ദേശമിത്രം പദ്ധതിയുടെ ഒറ്റത്തവണ ധനസഹായത്തിൽപ്പെടുത്തി 265 ഓളം പ്രോജക്ടുകൾക്കാണ് രൂപം നൽകി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ 50 ഗ്രാമപഞ്ചായത്തുകളിലും 10 മുനിസിപ്പാലിറ്റികളിലുമായി ഈ പദ്ധതികൾ പൂർത്തിയാവുമ്പോൾ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതീകങ്ങളായി അവ മാറും.

*(ലേഖകൻ*
*പഞ്ചായത്ത് ഡയറക്ടറും*
*എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറും*
*തദ്ദേശമിത്രം പ്രോജക്ട് ഡയറക്ടറുമാണ്)*

കുടുംബശ്രീ

# വികസന വഴിയിലെ വിജയഗാഥ

**എസ്. ഹരികിഷോർ ഐ എ എസ്**

സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾക്ക് ലോകത്തിന തന്നെ മാതൃകയായി മാറിയിരിക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. മനുഷ്യവിഭവശേഷിയെ ഏറ്റവും വിദഗ്ധ മായി ഉപയോഗിച്ചുകൊണ്ടാണ് ദാരിദ്ര്യ നിർമ്മാർജനത്തിനും അതിലൂടെ കേരളത്തിലെ സാധാരണക്കാരും ദരിദ്രരുമായ സ്ത്രീസമൂഹത്തിന്റെ ക്രിയാത്മകമായ വികാസത്തിനു ഈ പ്രസ്ഥാനം വഴിതെളിച്ചത്. സ്ത്രീശാക്തീകരണം സാമ്പത്തിക ശാക്തീകരണത്തിലൂടെ എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ടാണ് കുടുംബശ്രീ എല്ലാ പദ്ധതികളും ആവിഷ്കരിക്കുന്നത്. ഇക്കഴിഞ്ഞ ഒരു വർഷം വിവിധ മേഖലകളിൽ എണ്ണമറ്റ നേട്ടങ്ങൾ കുടുംബശ്രീക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.


## സംഘടനാ സംവിധാനം

കുടുംബശ്രീയുടെ അടിത്തറ എന്നുപറയുന്നത് 44 ലക്ഷം സ്ത്രീകൾ അംഗങ്ങളായുള്ള അതിന്റെ ശക്തമായ സാമൂഹ്യ സംഘടനാ സംവിധാനമാണ്. ഈ ശൃംഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2017 ജനുവരി 28ന് സംസ്ഥാനവ്യാപകമായി ദിശ 2017 സംഘടിപ്പിച്ചു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, എം.എൽ.എമാർ, എം.പിമാർ തുടങ്ങിയ ജനപ്രതിനിധികൾ പങ്കെടുത്ത ഈ കാമ്പെയ്ൻ മുഖേന അയൽക്കൂട്ടങ്ങളിൽ അംഗമാകാൻ കഴിയാത്ത നിരവധി പേർക്ക് അതിനുള്ള അവസരം ലഭിച്ചു. പാർശ്വവൽകരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകുക എന്ന സർക്കാർ നയസമീപനത്തിന്റെ ഭാഗമായി ദിശ 2017-ൽ ഭിന്നലിംഗക്കാർ, വയോജനങ്ങൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ, ന്യൂനപക്ഷം, തീരദേശ വിഭാഗം, വിധവകൾ എന്നീ വിഭാഗത്തിൽ പെട്ടവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

## സൂക്ഷ്മ സംരംഭങ്ങൾ

- കുടുംബശ്രീ വനിതകളുടെ മുഖ്യ തൊഴിൽ മേഖലയാണ് സൂക്ഷ്മ സംരംഭങ്ങൾ. പല പുതിയ തൊഴിൽരംഗങ്ങളിലേക്കും കുടുംബശ്രീ കടന്നുകഴിഞ്ഞു. കെട്ടിട നിർമ്മാണ മേഖലയിൽ വനിതകൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് രൂപീകരിച്ചു. 41 ഗ്രൂപ്പുകളിലായി 365 വനിതകൾക്ക് പരിശീലനം ലഭ്യമാക്കി.
- തെരുവുനായ നിയന്ത്രണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ 47 ബ്ലോക്കുകളിലും എട്ട് നഗരസഭകളിലുമായി 58 അനിമൽ ബെർത്ത് കൺട്രോൾ -ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചു. ഇതിൽ

സ്ത്രീശാക്തീകരണം സാമ്പത്തിക ശാക്തീകരണത്തിലൂടെ എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നു കൊണ്ടാണ് കുടുംബശ്രീ എല്ലാ പദ്ധതികളും ആവിഷ്കരിക്കുന്നത്. ഇക്കഴിഞ്ഞ ഒരു വർഷം വിവിധ മേഖലകളിൽ എണ്ണമറ്റ നേട്ടങ്ങൾ കുടുംബശ്രീക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.



306 പേർ അംഗങ്ങൾ

- കൊച്ചി മെട്രോയിൽ ആദ്യഘട്ടത്തിൽ 600 കുടുംബശ്രീ വനിതകൾക്ക് തൊഴിൽ
- കൂടാതെ സൂക്ഷ്മസംരംഭ മേഖലയിൽ 87 ഗ്രൂപ്പ്/വ്യക്തിഗത സംരംഭങ്ങൾ, 470 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ. ഇവർക്ക് 46,45,000/- രൂപ സബ്സിഡി ഇനത്തിൽ നൽകി
- 18 യൂണിറ്റുകൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 51,25,000/- രൂപ നൽകി
- 51 യൂണിറ്റുകൾക്ക് ടെക്നോളജി ഫണ്ടായി 88,23,510 രൂപ നൽകി
- 30 യൂണിറ്റുകൾക്കായി ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് 44,77,612 രൂപ നൽകി.
- 19 യൂണിറ്റുകൾക്കായി രണ്ടാംഘട്ട ധനസഹായം 24,67,000/- രൂപ നൽകി
- 4 യൂണിറ്റുകൾക്കായി 311596 രൂപ ഇന്നൊവേഷൻ ഫണ്ട് നൽകി
- ശബരിമല തീർത്ഥാടകർക്ക് മികച്ച സേവനം നൽകുന്നതിനായി ഏഴ് കഫേ കുടുംബശ്രീ യൂണിറ്റുകൾ ആരംഭിച്ചു.
- ഇടുക്കിയിൽ ഇമശ്രീ മിൽക്ക് പ്രൊഡ്യൂസർ കമ്പനി ആരംഭിച്ചു
- ജെൻ ആഹാർ - ദക്ഷിണ റെയിൽവേയുമായി ചേർന്ന് ചെങ്ങന്നൂരിൽ വെജിറ്റേറിയൻ കാന്റീൻ ആരംഭിച്ചു.
- കുടുംബശ്രീ സാനിട്ടറി നാപ്കിൻ യൂണിറ്റുകൾക്ക് 1.54 കോടി രൂപയുടെ ഓർഡർ ലഭിച്ചു.
- റബർ ബോർഡുമായി ചേർന്ന് 30 പേർ അടങ്ങുന്ന തൊഴിൽ സേനകൾ രൂപീകരിച്ചു
- ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതീയുവാക്കൾക്ക് പരിശീലനത്തോടാപ്പം തൊഴിൽ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വഴി ഇതുവരെ 15984 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനവും 10679 പേർക്ക് തൊഴിലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതീയുവാക്കൾക്ക് പരിശീലനത്തോടാപ്പം തൊഴിൽ നൽകുന്ന കേന്ദ്രാവിഷ് കൃത പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വഴി ഇതുവരെ 15984 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനവും 10679 പേർക്ക് തൊഴിലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.






കാർഷിക മേഖലയിലും കുടുംബശ്രീ വലിയ മുന്നേറ്റമാണ് നൽകിയത്. കൃഷിയോടൊപ്പം ശുദ്ധജലം, മാലിന്യ സംസ്കരണം, പരിസര ശുചിത്വം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം എന്നിവ അടിസ്ഥാനമാക്കി പഞ്ചശീല കാർഷിക ആരോഗ്യ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ പൊലിവ് പദ്ധതി നടപ്പാക്കിവരുന്നു. ഓരോ അയൽക്കൂട്ടവും രണ്ടു സെന്റ് സ്ഥലത്തും ബാലസഭകൾ ഒരു സെന്റ് സ്ഥലത്തും കൃഷി ചെയ്യുന്നു. കൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം 6938 ഏക്കർ തരിശു ഭൂമി കണ്ടെത്തി കൃഷി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമിയിൽ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യുന്നു.

ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന പഠന പ്രവർത്തനം - വൾണറബിലിറ്റി മാപ്പിംഗ്, മനുഷ്യക്കടത്തിനെതിരെ ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതി ഇടുക്കി(ദേവികുളം), പാലക്കാട്(ചിറ്റൂർ), വയനാട്(മാനന്തവാടി) എന്നിവിടങ്ങളിൽ നടപ്പാക്കി വരുന്നു.

സാംസ്കാരിക രംഗത്ത് കുടുംബശ്രീ വനിതകളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനായി 'വരയുടെ പെൺമ' എന്ന പേരിൽ ചിത്രകലാ പരിശീലന കളരി, അയൽക്കൂട്ട വനിതകൾക്ക് യാത്രകളിലൂടെ സ്വയംതിരിച്ചറിയുന്നതിനും അറിവു നേടുന്നതിനുമായി ആവിഷ്ക്കരിച്ച നട

പ്പാക്കിയ 'നമുക്ക് കേരളം കാണാം'-പഠനയാത്ര, സമകാലീന പ്രസക്തിയുള്ള വിഷയങ്ങൾ അവതരിപ്പിക്കുന്നതു വഴി ആശയവിനിമയം നടത്തുന്നതിനുള്ള ഉപാധിയായി കമ്മ്യൂണിറ്റി തിയേറ്റർ-രംഗശ്രീ, അയൽക്കൂട്ടശൃംഖലയിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും-കമ്യൂണിറ്റി കൗൺസിലിങ്, അയൽക്കൂട്ട വനിതകളുടെ സാഹിത്യവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ലിറ്ററേച്ചർ ഫെസ്റ്റിവൽ, പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തിലെ ആളുകളെ ഉൾപ്പെടുത്തി അയൽക്കൂട്ട രൂപീകരണം എന്നിവ സംഘടിപ്പിച്ചു.

### നഗരമേഖലയിലെ നേട്ടങ്ങൾ

* കുടുംബശ്രീ മുഖേന സംസ്ഥാനത്തെ നഗരങ്ങളിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷം ഇതുവരെ 769.62 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ 25654 വീടുകളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചു

### നഗരദരിദ്രർക്കായുള്ള അഭയകേന്ദ്രങ്ങൾ

നഗരദരിദ്രരായ ഭവനരഹിതർക്ക് കയറിക്കിടക്കുന്നതിനും അന്തിയുറങ്ങുന്നതിനും സഹായിക്കുന്ന അഭയകേന്ദ്രങ്ങൾ നിർമിച്ചുനൽകുന്നതിനാണ് ദേശീയ നഗര ഉപജീവന മിഷനിലെ ഷെൽട്ടർ ഫോർ അർബൻ ഹോംലെസ് എന്ന പദ്ധതിഘടകം വിഭാവനം ചെയ്യുന്നത്. നിലവിൽ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകളുടെ പുനരുദ്ധാരണ പ്രവർത്തന ങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു.

- തിരുവനന്തപുരത്ത് 72 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കരിമഠം കോളനിയിൽ ആറ് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി
- 11 അഭയകേന്ദ്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു
- 834 അന്തേവാസികൾക്ക് അഭയമൊരുക്കി

### ആദിവാസി മേഖലയിലും ശ്രദ്ധേയം

- ആദിവാസി മേഖലയിൽ പുതുതായി 304 അയൽക്കൂട്ടങ്ങൾ
- ആദിവാസി കുട്ടികളെ ഉൾപ്പെടുത്തി പുതുതായി 278 ബാലസഭകൾ
- 582 പുതിയ സംഘക്കൃഷി ഗ്രൂപ്പുകൾ
- 142 വ്യക്തിഗത സംരംഭങ്ങൾ



- 44 പുതിയ സൂക്ഷ്മസംരംഭങ്ങൾ
- കൗമാരപ്രായക്കാരുടെ വ്യക്തിത്വ വികസനത്തിനായി ഇവരെ ഉൾപ്പെടുത്തി 110 കൗമാര ക്ളബ്ബുകൾ
- 60 പുതിയ കലാടീമുകൾ
- പുതിയ 10 ട്രൈബൽ ആശ്രയ പ്രോജക്ടുകൾ
- അയൽക്കൂട്ടതലത്തിൽ 83 ഗ്രേഡിങ്ങ് കാമ്പെയ്ൻ
- കോളനിതലത്തിൽ 22 കൂട്ടായ്മകൾ
- ആദിവാസി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 214 ആനിമേറ്റർമാർക്ക് പരിശീലനവും ജോലിയും
- ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വഴി 205 യുവജനങ്ങൾക്ക് തൊഴിൽ
- പൊലിവ് പദ്ധതിയിലെ പങ്കാളിത്തം വഴി 1457 പുതിയ സംഘക്കൃഷി ഗ്രൂപ്പുകൾ
- 203 അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട്
- യുവജനങ്ങൾക്കായി അഞ്ചു ജില്ലകളിൽ

**കാർഷിക മേഖലയിലും കുടുംബശ്രീ വലിയ മുന്നേറ്റമാണ് നടത്തിയത്. കൃഷിയോടൊപ്പം ശുദ്ധജലം, മാലിന്യ സംസ്കരണം, പരിസര ശുചിത്വം, നല്ല ജീവിത ശൈലി, നല്ല ആരോഗ്യം എന്നിവ അടിസ്ഥാനമാക്കി പഞ്ചശീല കാർഷിക ആരോഗ്യ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ പൊലിവ് പദ്ധതി നടപ്പാക്കി വരുന്നു.**





കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നട്ടെല്ലാണ് മൈക്രോ ഫിനാൻസ്. അയൽക്കൂട്ട അംഗങ്ങൾക്ക് നാലു ശതമാനം പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയതാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ശ്രദ്ധേയമായ നേട്ടങ്ങളിൽ ഒന്ന്. റിവോൾവിങ് ഫണ്ട്, കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തുടങ്ങിയവ പുന:സ്ഥാപിക്കുകയും ചെയ്തു.

പി.എസ്.സി ഒറ്റത്തവണ രജിസ്ട്രേഷൻ കാമ്പെയ്ൻ

- വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ, മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭ, കൂടാതെ അമരമ്പലം, ചുങ്കത്തറ, കരുളായി, മൂത്തേടം, എടക്കര, പോത്തുകൽ, വഴിക്കടവ്, ചാലിയാർ, കരുവാരക്കുണ്ട്, താഴെക്കാട്, എടവണ്ണ എന്നീ പഞ്ചായത്തുകളിലും അട്ടപ്പാടി മേഖലയിൽ നടപ്പാക്കി വരുന്ന അന്നപ്രദായിനി പദ്ധതിയുടെ മാതൃകയിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുന്നു.

## മൈക്രോഫിനാൻസിലും മുന്നേറ്റം

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നട്ടെല്ലാണ് മൈക്രോ ഫിനാൻസ്. അയൽക്കൂട്ട അംഗങ്ങൾക്ക് നാലു ശതമാനം പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയതാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ശ്രദ്ധേയമായ നേട്ടങ്ങളിൽ ഒന്ന്. റിവോൾവിങ്ങ് ഫണ്ട്, കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തുടങ്ങിയവ പുന:സ്ഥാപിക്കുകയും ചെയ്തു.

നാലു ശതമാനം പലിശ നിരക്കിൽ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ നൽകുന്നതിനായി 50 കോടി രൂപ നീക്കി വയ്ക്കുകയും തുടർച്ചയായ സാമ്പത്തിക സാക്ഷരത പരിപാടിയിലൂടെ 34972 അയൽക്കൂട്ടങ്ങൾ ഈ സാമ്പത്തിക വർഷം 1310 കോടി രൂപയുടെ ബാങ്ക് വായ്പ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകം ദേശീയ സംസ്ഥാന സർക്കാരുകളുടെ പലിശ സബ്സിഡി പദ്ധതി മുഖേന 22 കോടി രൂപ 22000 ലേറെ അയൽക്കൂട്ടങ്ങൾക്കും 10000 ലേറെ സംഘക്കൃഷി ഗ്രൂപ്പുകൾക്കും നൽകാൻ കഴിഞ്ഞു.

13110 അയൽക്കൂട്ടങ്ങൾക്ക് മാച്ചിങ്ങ് ഗ്രാന്റായി 6.35 കോടി രൂപ, 2399 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ടായി 3.6 കോടി രൂപ, 127 സി.ഡി.എസുകൾക്ക് കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി 6.37 കോടി രൂപയും വൾണറബിലിറ്റി റിഡക്ഷൻ ഫണ്ടായി 43 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

## അട്ടപ്പാടി പ്രത്യേക പദ്ധതിയിലും നേട്ടം

- പുതുതായി രൂപീകരിച്ച അയൽക്കൂട്ടങ്ങൾ - 53
- പുതുതായി രൂപീകരിച്ച ഊരുസമിതികൾ - 10
- ആട് ഗ്രാമം പദ്ധതി വിറ്റുവരവ് - 16 ലക്ഷം
- . ബ്രിഡ്ജ് കോഴ്സ് - 122 ഊരിൽ
- കമ്മ്യൂണിറ്റി കിച്ചൻ - 190 ഊരിൽ 6. കില കാന്റീൻ - 18 ലക്ഷം (വരവ്)
- വനവിഭവ ശേഖരം - 12 ലക്ഷം
- 50 ഏക്കർ സ്ഥലത്ത് കൃഷി (നെല്ല്, റാഗി, കപ്പ, ഇഞ്ചി, പച്ചക്കറി, വാഴ)
- സ്കിൽ പരിശീലനം
- 66 പേർക്ക് പരിശീലനവും 43 പേർക്ക് ജോലിയും
- 122 ഊരിൽ ബാല ഗോത്രസഭ
- 140 ഊരിൽ ലേബർ ബാങ്ക്
- 140 ഊരിൽ യൂത്ത് ക്ലബ് രൂപീകരണം
- 70 കുട്ടികൾക്ക് പി.എസ്.സി പരിശീലനം -ഒരാൾക്ക് ജോലി
- പോഷകാഹാര വിഭവ കേന്ദ്രം - ഒരാൾക്ക് ജോലി
- 122 ഊരുകളിൽ ബാല ഗോത്രസഭ
- 140 ഊരുകളിൽ ലേബർ ബാങ്ക്

കുടുംബശ്രീ മാതൃക നടപ്പാക്കാൻ ഗോവ, ത്രിപുര, ലക്ഷദ്വീപ് എന്നീ സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പുവച്ചതും ശ്രദ്ധേയ നേട്ടമാണ്. ഇതോടെ പതിനൊന്ന് സംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്.

*(ലേഖകൻ കുടുബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്)*



# വാർത്തകൾ വിശേഷങ്ങൾ

## സാമൂഹ്യസുരക്ഷാ പെൻഷൻ അദാലത്ത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ ജനകീയമായി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ പെൻഷൻ അദാലത്ത് നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ(സാധാ) നം.3634/2017/ധന, തീയതി 25-4-2017)

## ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർ, ആയമാർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം പ്രവർത്തിക്കുന്ന സാസ്കാരികനിലയം, ശിശുമന്ദിരം എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെഓണറേറിയം 12000 രൂപയായും ആയമാർക്ക് 8000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായി. വർദ്ധനയ്ക്ക് 01-01-2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(സ.ഉ(എം.എസ്) നം.87/2017/തസ്വഭവ, തീയതി 24-4-2017)

## ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കാൻ ഉത്തരവ്

മെയ് ഒന്ന് മുതൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് ഉത്തരവിറക്കി. ഇതനുസരിച്ച് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയം ഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കണം. സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക് ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി, ഇതര സംസ്ഥാനങ്ങൾ, മറ്റു രാജ്യങ്ങൾ, സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ, ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പു ഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലിഷ് ഉപയോഗിക്കാം. അങ്ങനെയല്ലാത്ത സാഹചര്യങ്ങളിൽ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മെയ് ഒന്ന് മുതൽ മലയാളം മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് എല്ലാ വകുപ്പു തലവന്മാരും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണെന്നും ഭാഷാമാറ്റ നടപടികൾ മൂന്നുമാസത്തിലൊരിക്കൽ അവലോകനം ചെയ്യണമെന്നും ഈ നടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

## നിലം നികത്തു ഭൂമിയിൽ കെട്ടിടനിർമ്മാണം- സ്പഷ്ടീകരണം നൽകി

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്പെടാത്തതും ബി.റ്റി.ആറിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ കെട്ടിടം/ഭവന നിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും റവന്യൂ വകുപ്പും പുറപ്പെടുവിച്ച സർക്കുലറുകൾക്ക് സ്പഷ്ടീകരണം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം.13105/പി1/2017/റവ, തീയതി 01-03-2017)

## ഉത്തരവുകളിലെ ന്യൂനതകൾ ഒഴിവാക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ക്വാസി-ജുഡീഷ്യൽ അധികാരം ഉപയോഗിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കെതിരെയുള്ള ബഹുഭൂരിപക്ഷം കേസുകളിലും ഉത്തരവുകളിൽ തിരുത്തൽ വരുത്തേണ്ടിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ വീഴ്ചകളും കോടതി ഇടപെടലുകളും ഒഴിവാക്കുന്നതിനും ഭരണനിർവ്വഹണവും നിയമപാലനവും സുഗമമാക്കുന്നതിനുമായി നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നം. തസ്വഭവ-ഇ.ആർ.എ3/65/2017-തസ്വഭവ, തീയതി 21-04-2017)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്**

ഇൻഫർമേഷൻ കേരള മിഷൻ

# മികവുറ്റ പ്രവർത്തനങ്ങളുടെ ഒരു വർഷം

**എം. പി അജിത്കുമാർ**

സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ . വെബ് അധിഷ്ഠിത സേവനങ്ങൾക്കും എം-ഗവേണൻസിനും പ്രാധാന്യം നൽകിക്കൊണ്ടാണ് ഇ-ഗവേണൻസ് നടപ്പിലാക്കിവരുന്നത്. മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും KSWAN/VPN കണക്ടിവിറ്റി സ്ഥാപിക്കുകവഴി പൊതുജനങ്ങൾക്കും തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കും തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങളിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് സംശയനിവാരണത്തിനും സാങ്കേതിക സഹായത്തിനുമായി ഹെൽപ്പ് ഡസ്ക് സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്നതിനു വേണ്ടി വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ചുവടെ ചേർക്കുന്നു.




## സുലേഖ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിവരങ്ങളുടെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ വെബ് അധിഷ്ഠിതമായി (www.plan.lsgkerala.gov.in) നിർവ്വഹിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് സൂക്ഷ്മ മേഖലാ കോഡുകളും ഉപ മേഖലാ കോഡുകളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും സുലേഖ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സേവന (സിവിൽ രജിസ്ട്രേഷൻ)

സംസ്ഥാനത്തെ മുഴുവൻ രജിസ്ട്രേഷൻ യൂണിറ്റുകളിലും (1034) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നത് സേവന (സിവിൽ രജിസ്ട്രേഷൻ) സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇലക്ട്രോണിക്കായി രജിസ്റ്റർ ചെയ്യുന്ന എല്ലാ ജനന-മരണ-വിവാഹങ്ങളുടെയും വാട്ടർ മാർക്കും, ബാർകോഡും ഉൾപ്പെടുത്തി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.inഎന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കുന്നതിനും സാധിക്കുന്നു.

## സേവന (പെൻഷൻ)

www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിൽ വ്യത്യസ്തങ്ങളായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവര സഞ്ചയം ലഭ്യമാണ്. സംസ്ഥാനത്തെ ഏകദേശം 3702753 ഗുണഭോക്താക്കൾക്ക് ഇതിലൂടെ സേവനം ലഭ്യമാകുന്നു.

പെൻഷൻ ഗുണഭോക്താക്കൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി വിതരണ വിവരങ്ങൾ കൃത്യമായി ആർക്കും എവിടെനിന്നും ഓൺലൈൻ ആയി മനസ്സിലാക്കാൻ സാധിക്കും. 2016-17 ൽ 3416.72 കോടി രൂപയും 2017-18 ൽ ഇതുവരെ 1144.01 കോടി രൂപയും വിതരണം നടത്തി. 1844243 പേർക്ക് നേരിട്ട് വീട്ടിലും 1858510 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും പെൻഷൻ നൽകിവരുന്നു.

## സ്ഥാപന

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വിശദാംശങ്ങൾ, പ്രതിമാസ ഇടപാടുകൾ എന്നിവ തയ്യാറാക്ക



ഗ്രാമപഞ്ചായത്തുകളിൽ മികച്ച രീതിയിൽ ഇ - ഗവേണൻസ് നടപ്പാക്കിയതിനുള്ള ദേശീയ പുരസ്കാരം ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിൽ നിന്നും കേരളത്തിന് വേണ്ടി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ സ്വീകരിക്കുന്നു.

ന്നതിനും ജീവനക്കാരുടെ പി.എഫ് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുമുള്ള സോഫ്റ്റ്വെയറാണ് സ്ഥാപന. www.kmpecpf.lsgkerala.gov.in എന്ന വെബ്സൈറ്റിൽ മുനിസിപ്പൽ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് വിശദാംശങ്ങളും www.kpepf.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് വിശദാംശങ്ങളും ലഭ്യമാണ്.

## സാംഖ്യ

അക്രൂവൽ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് സമ്പ്രദായം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് സാംഖ്യ . നിലവിലുള്ള സാംഖ്യ ആപ്ലിക്കേഷനെ വെബ് അധിഷ്ഠിത ആപ്ലിക്കേഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ലോക്കൽ സാംഖ്യയിൽ ലഭ്യമാക്കിയ എല്ലാ വർഷങ്ങളിലെയും AFS വിവരങ്ങൾ വെബ് അധിഷ്ഠിത ആപ്ലിക്കേഷനിൽ (www.finance.lsgkerla.gov.in) ഉൾപ്പെടുത്തിയിട്ടുണ്ട്. കാട്ടാക്കട ജില്ലാ ട്രഷറിയുമായി ഇടപാട് നടത്തുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓൺലൈൻ ബിൽ സബ്മിഷൻ മൊഡ്യൂൾ പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്.

## സഞ്ചയ

സഞ്ചയ ആപ്ലിക്കേഷനിലൂടെ നിലവിൽ ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, വസ്തു നികുതി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെൻറ് സംവിധാനവും www.tax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മുൻകാല വിവരങ്ങളുടെ ഡാറ്റാബേസ് പൂർത്തിയായിട്ടുള്ള 445 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാണ്.

## സൂചിക

തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ്, ബാക്ക് എൻഡ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന സംവിധാനത്തിലൂടെ പേപ്പർലെസ് ഓഫീസ് (കടലാസ് രഹിത ഓഫീസ്), ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി വികസിപ്പിച്ചിട്ടുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് സൂചിക.

## സചിത്ര (അസറ്റ്)

തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ സചിത്ര (അസറ്റ്) ആസ്തികളുടെ മൂല്യം കൂടി ഉൾപ്പെടുത്താൻ സൗകര്യപ്പെടുന്ന രീതിയിൽ പരിഷ്കരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്.

## സംവേദിത

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും വെബ്പോർട്ടലാണ് സംവേദിത www.lsgkerala.gov.in.

തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ സചിത്ര (അസറ്റ്) ആസ്തികളുടെ മൂല്യം കൂടി ഉൾപ്പെടുത്താൻ സൗകര്യപ്പെടുന്ന രീതിയിൽ പരിഷ്കരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്.




## സങ്കേതം

കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂൾ, കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച കാര്യങ്ങൾ കൃത്യമായും, സുഗമമായും നിറവേറ്റുന്നതിനായി വികസിപ്പിച്ചിട്ടുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് സങ്കേതം (www.buildingpermit.lsgkerala.gov.in).എല്ലാ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 494 ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ 235239 അപേക്ഷകൾ ഇ-ഫയലിംഗ് ചെയ്യുകയും 115694 പെർമിറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സകർമ്മ

വാർഡ് സഭ, വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ്, കൗൺസിൽ യോഗം, സ്റ്റാൻറിംഗ് കമ്മിറ്റി യോഗം, സ്റ്റിയറിംഗ് കമ്മിറ്റി യോഗം എന്നിവയുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനും യോഗതീയതി, സമയം എന്നിവ എസ്.എം.എസ്സ് ആയും, ഇ-മെയിലായും അറിയിക്കുന്നതിനും, യോഗങ്ങളുടെ ഹാജരും, മിനിറ്റ്സും തയ്യാറാക്കി മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനമായ സകർമ്മ 635 തദ്ദേശഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 11493 ഭരണസമിതി യോഗങ്ങൾ പ്രസ്തുത വെബ്സൈറ്റിലൂടെ നടത്തിയിട്ടുണ്ട്.

## സുരേഖ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധ സേവനങ്ങൾ തയ്യാറാക്കുന്നതിന് വ്യത്യസ്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കേണ്ട അവസ്ഥ നിലവിലുണ്ട്. ആയത് പരിഹരിക്കുന്നതിനായി സുരേഖ സോഫ്റ്റ്‌വെയറിന്റെ ഒഫിഷ്യൽ ലോഗിനിൽ എല്ലാ വെബധിഷ്ഠിത സോഫ്റ്റ്‌വെയറുകളും ഒറ്റ ലോഗിനിൽ ലഭ്യമാകുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. www.surekha.ikm.in എന്ന വെബ് വിലാസത്തിൽ ഏറ്റവും പുതിയ വെബ് ബ്രൗസറുകൾ വഴി (മൊസില്ല ഫയർഫോക്സ്, ഗൂഗിൾ എന്നിവ അഭികാമ്യം) "സുരേഖ" സോഫ്റ്റ്‌വെയ ലഭ്യമാകുന്നതാണ്.

നിലവിലുള്ള സാംഖ്യ ആപ്ലിക്കേഷനെ വെബ് അധിഷ്ഠിത ആപ്ലിക്കേഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ലോക്കൽ സാംഖ്യയിൽ ലഭ്യമാക്കിയ എല്ലാ വർഷങ്ങളിലെയും AFS വിവരങ്ങൾ വെബ് അധിഷ്ഠിത ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാട്ടാക്കട ജില്ലാ ട്രഷറിയുമായി ഇടപാട് നടത്തുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓൺലൈൻ ബിൽ സബ്മിഷൻ മൊഡ്യൂൾ പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്.

## സമഗ്ര

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്നതിനായി സ്മാർട്ട് ഫോണിൽ ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്ന മൊബൈൽ ആപ്ലിക്കേഷനാണ് സമഗ്ര. പരിമിതമായ സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് പോലും സുഗമമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്.

## സമന്വയ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിലവിൽ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വ്യത്യസ്തയിനം ആപ്ലിക്കേഷനുകൾ ഉപയോഗിക്കേണ്ടതായി വരുന്നു. ഈ സാഹചര്യത്തിൽ ജോലിഭാരവും സമയനഷ്ടവും ലഘൂകരിക്കുന്നതിനായി ജീവനക്കാർക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ആപ്ലിക്കേഷനുകൾ ഒരൊറ്റ വിൻഡോയിൽ ലഭ്യമാകുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് സമന്വയ.

## സഹായ

സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനവിവരങ്ങളും പ്രോഗ്രസ്സ് റിപ്പോർട്ടുകളും ഹാജർ നിലയും യഥാസമയം മാതാപിതാക്കൾക്ക് വെബ്സൈറ്റിലൂടെ തെരയുന്നതിനും, വിവരങ്ങൾ എസ്.എം.എസ്/ഇ-മെയിലിലൂടെ ലഭ്യമാക്കുന്നതിനുമുള്ള വെബ് അധിഷ്ഠിത ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം വികസിപ്പിച്ച് സ്റ്റേറ്റ് ഡേറ്റാ സെന്ററിലെ ഐ.കെ.എം സെർവറിൽ വിന്യസിച്ചിട്ടുണ്ട്. നിലവിൽ 130 സ്കൂളുകളിൽ പ്രസ്തുത സംവിധാനം ലഭ്യമാണ്.

## ഇ - ടിക്കറ്റിംഗ്

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിനോദനികുതി പിരിവും, കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിലേക്കുള്ള സെസും വെബ് അധിഷ്ഠിതമായി നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ ഐ.കെ.എം വികസിപ്പിച്ച് വരുന്നു.

*(ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ ഗ്രൂപ്പ് ഡയറക്ടറും പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുമാണ്)*

# ശുചിത്വസാക്ഷാത്കാരത്തിനായി

ഡോ.കെ. വാസുകി ഐ എ എസ്

ശുചിത്വ കേരളം എന്ന ബൃഹത്തായ കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക- സാമ്പത്തിക സഹായം നൽകുന്നതിനും ഗ്രാമ-നഗര വ്യത്യാസമില്ലാതെ വിവിധ ശുചിത്വഘടകങ്ങൾ സാങ്കേതികമേന്മയോടെ നടപ്പാക്കി സംസ്ഥാനത്തിന്റെ ആരോഗ്യ-പരിസ്ഥിതി നേട്ടം മെച്ചപ്പെടുത്തുന്നതിനുമാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ വ്യാപനവും, സാമൂഹ്യ ശുചിത്വം നിലനിർത്തുന്നതിന് അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഖര-ദ്രവമാലിന്യ പരിപാലന മേഖലയിലെ സൗകര്യങ്ങളുടെ കുറവും കണക്കിലെടുത്ത് സംസ്ഥാനത്തെ മാലിന്യമുക്തമാക്കി ഒരു സമ്പൂർണ്ണശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലാണ് നഗരങ്ങളിലും ഗ്രാമങ്ങളിലും ശുചിത്വ കേരളം പദ്ധതി നടപ്പിലാക്കി വരുന്നത്. ശുചിത്വ - മാലിന്യസംസ്കരണരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായവും അനുമതിയും സംസ്ഥാനത്തിന്റെ പൊതുവായ നയത്തിന്റെയും പദ്ധതികളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുക എന്നതാണ് ശുചിത്വമിഷൻ ചെയ്തു വരുന്ന പരമപ്രധാനമായ പ്രവർത്തനം.

## വെളിയിടവിസർജ്ജന വിമുക്ത സംസ്ഥാനം

ശുചിത്വമിഷന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജന മുക്തമാക്കി 2016 നവംബർ ഒന്നിന് പ്രഖ്യാപിച്ചതാണ്. ഏകദേശം രണ്ട് ലക്ഷത്തോളം കക്കൂസുകൾ മൂന്ന് മാസക്കാലയളവിൽ നിർമ്മിച്ച് വലിയൊരു മുന്നേറ്റമാണ് സംസ്ഥാനം നടത്തിയത്. കൂട്ടായ്മയോടെ നടത്തിയ പ്രവർത്തനമാണ് കേരളത്തെ വളരെ ചെറിയ കാലയളവിൽ ഈ നേട്ടത്തിലേക്ക് എത്തിച്ചത് എന്ന് നിസംശയം പറയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ, എൻ.സി.സി, എൻ.എസ്.എസ്, അസോസിയേഷൻ ഓഫ് സ്കൂൾ ഓഫ് സോഷ്യൽ വർക്ക് ഇൻ കേരള, വില്ലേജ് ഓഫീസർമാർ, വി.ഇ.ഒ മാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സഹകരണവും മേൽനോട്ടവും ഓരോ ജില്ലകളിലേയും ഒ.ഡി.എഫ് പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. ഇതിന്റെ തുടർച്ചയെന്നോണം കേരളത്തിൽ നഗരപ്രദേശങ്ങളിലും ഏകദേശം മുപ്പതിനായിരത്തോളം കക്കൂസുകൾ നൽകി സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമാക്കാൻ തയ്യാറെടുക്കുകയാണ് കേരളം.



## മാലിന്യസംസ്കരണം

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ പാഴ്‌വസ്തുക്കൾ പുന:ചംക്രമണത്തിന് വിധേയമാക്കുവാനും ഉള്ള മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനായി വീടുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോസ്റ്റിംഗ് രീതികൾ സ്ഥാപിക്കുന്നതിനും

ശുചിത്വമിഷന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജന മുക്തമാക്കി 2016 നവംബർ ഒന്നിന് പ്രഖ്യാപിച്ചതാണ്. ഏകദേശം രണ്ട് ലക്ഷത്തോളം കക്കൂസുകൾ മൂന്ന് മാസക്കാലയളവിൽ നിർമ്മിച്ച് വലിയൊരു മുന്നേറ്റമാണ് സംസ്ഥാനം നടത്തിയത്. കൂട്ടായ്മയോടെ നടത്തിയ പ്രവർത്തനമാണ് കേരളത്തെ വളരെ ചെറിയ കാലയളവിൽ ഈ നേട്ടത്തിലേക്ക് എത്തിച്ചത് എന്ന് നിസംശയം പറയാം.






**നമുക്ക് ആവശ്യമില്ലാത്തതും എന്നാൽ സമൂഹത്തിൽ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നതുമായ അനേകം വസ്തുക്കൾ ആവശ്യമുള്ളവരിലേക്ക് എത്തിക്കുക എന്നുള്ളതാണ് സ്വാപ് ഷോപ്പുകൾ നിർവ്വഹിക്കുന്ന ധർമ്മം. സ്വാപ്ഷോപ്പുകൾ ഇന്ന് അനേകം മുൻസിപ്പാലിറ്റികളിൽ ഒരു സ്ഥിരം സംവിധാനമായി ഉയർന്നു കഴിഞ്ഞു.**

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി ശുചിത്വമിഷൻ ഒരു യൂണിറ്റിന് 75% തുക സബ്സിഡിയായി നൽകുന്നു. ഈ രീതിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 6500 ഓളം കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്കും 1900 ത്തോളം ബയോഗ്യാസ് പ്ലാന്റുകൾക്കും സബ്സിഡി നൽകിയിട്ടുണ്ട്.

### ഉറവിട ജൈവമാലിന്യ സംസ്കരണം

വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യകൾ കേരളത്തിന്റെ പലഭാഗത്തും പരീക്ഷിച്ച് വിജയമെന്ന് കണ്ടവയെ ഉൾപ്പെടുത്തി ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കാനും പരമാവധി പ്രോത്സാഹനം നൽകാനും കഴിഞ്ഞു. മാലിന്യ സംസ്കരണത്തിൽ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നൂറോളം സർവ്വീസ് പ്രൊവൈഡർമാരെയും 2 അക്രഡിറ്റഡ് ഏജൻസികളെയുമാണ് തെരഞ്ഞെടുത്തത്. കൂടുതൽ ഏജൻസികളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു

### എം.ആർ.എഫ്

ഓരോ തദ്ദേശസ്ഥാപനങ്ങളിലും അജൈവ പാഴ്വസ്തുക്കൾ പുന:ചംക്രമണ ത്തിന് വിധേയമാക്കുന്നതിനായി തരംതിരിച്ച് ശേഖരിച്ച് സൂക്ഷിക്കുന്നതിനായി എം.ആർ.എഫ് സംവിധാനം ആവിഷ്കരിച്ചു. ആദ്യഘട്ടത്തിൽ ഇത്തരത്തിലുള്ള 42 എം.ആർ.എഫ് സംവിധാനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട 42 മുൻസിപ്പാലിറ്റികളിൽ പ്രവർത്തനം ആരംഭിക്കും. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

### ഗ്രീൻ പ്രോട്ടോക്കോൾ

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾക്ക് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. 2015 ജനുവരി മാസം നടന്ന ദേശീയ ഗെയിംസിലാണ് ശുചിത്വമിഷൻ ഇത് പരീക്ഷണാർത്ഥം നടപ്പിലാക്കിയത്. ഇതിന്റെ വൻ വിജയത്തെതുടർന്ന് സംസ്ഥാനത്ത് നടക്കുന്ന വൻ ആഘോഷ പരിപാടികളിലും ഉത്സവങ്ങളിലും പൊതുചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ സ്കൂൾ കലോത്സവം, ദേശീയ അത്‌ലറ്റിക് മീറ്റ്, ആറ്റുകാൽ പൊങ്കാല, മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങ്, നിയമസഭാ ഇലക്ഷൻ തുടങ്ങി വിവിധ



ങ്ങളായ പരിപാടികളിലും ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഇന്ന് പിൻതുടരുന്ന






## സ്വാപ്പ് ഷോപ്പ്

പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ ഓരോ വസ്തുക്കളും അതിന്റെ ഉപയോഗക്ഷമതയുടെ പരമാവധി ഉപയോഗപ്പെടുത്തണം എന്നുള്ള ആശയത്തിൽ സ്വാപ് ഷോപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നു. നമ്മുടെ വീട്ടിൽ നമുക്ക് ആവശ്യമില്ലാത്തതും എന്നാൽ സമൂഹത്തിൽ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നതു മൊയ അനേകം വസ്തുക്കൾ ഉണ്ടാവാം. ഇത്തരം വസ്തുക്കൾ ആവശ്യമുള്ളവരിലേക്ക് എത്തിക്കുക എന്നുള്ളതാണ് സ്വാപ് ഷോപ്പുകൾ നിർവ്വഹിക്കുന്ന ധർമ്മം. ഇത്തരം സ്വാപ്ഷോപ്പുകൾ ഇന്ന് അനേകം മുൻസിപ്പാലിറ്റികളിൽ ഒരു സ്ഥിരം സംവിധാനമായി ഉയർന്നു കഴിഞ്ഞു.

## മഴക്കാലപൂർവ്വ ശുചിത്വ കാമ്പയിൻ

സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറുന്ന മാലിന്യനിർമാർജനത്തിന്റെ കാര്യത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത ഇന്ന് കാണുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും വലിയ പങ്ക് വഹിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ഗ്രാമ - നഗര പ്രദേശങ്ങളിൽ വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ ജനപ്രതിനിധികളുടേയും ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഗാർഹിക ബോധവൽകരണം, സ്ഥാപന ബോധവൽക്കരണം തുടങ്ങി ഒട്ടേറെ പരിപാടികൾ നടക്കുന്നുണ്ട്.

മാലിന്യം പൂർണ്ണമായി ഒറ്റയടിക്ക് നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമല്ല എന്ന തിരിച്ചറിവിലൂടെ അളവ് കുറയ്ക്കൽ, പുനരുപയോഗം, പുന:ചംക്രമണം എന്ന തത്ത്വത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷൻ തുടക്കംകുറിച്ച് കഴിഞ്ഞു. ഗ്രീൻ പ്രോട്ടോക്കോളിലൂടെ ഒരു ഹരിത സംസ്കൃതി നമുക്ക് നേടിയെടുക്കാൻ കഴിയും. ഗ്രീൻ പ്രോട്ടോകോളിനൊപ്പം, സ്വാപ്പ്ഷോപ്പുകൾ സ്ഥിരമായ ഒരു സംവിധാനമാകണം. ഏതെങ്കിലുമൊരു ജൈവമാലിന്യ സംസ്കരണ സംവിധാനം എല്ലാ വീടുകളിലും ഉണ്ടാവണം. എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാവണം. മാലിന്യം കുമിഞ്ഞുകൂടുന്ന എല്ലാ പൊതു കേന്ദ്രങ്ങളിലും ഉണ്ടാവണം. ഇതിലൂടെ ജൈവ കൃഷിയും നമുക്ക് പ്രോത്സാഹിപ്പിക്കാം. ഒരു ഹരിതകാലത്തിന്റെ പുനർജനിയ്ക്കായി നമുക്ക് ഒരുമിക്കാം.




*(ലേഖിക ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്)*

**മാലിന്യം പൂർണ്ണമായി ഒറ്റയടിക്ക് നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമല്ല എന്ന തിരിച്ചറിവിലൂടെ അളവ് കുറയ്ക്കൽ, പുനരുപയോഗം, പുന:ചംക്രമണം എന്ന തത്ത്വത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷൻ തുടക്കം കുറിച്ച് കഴിഞ്ഞു**

ജനസർക്കാർ 1 വർഷം

# കില – നേട്ടങ്ങളുടെ പടവുകളിൽ

ഡോ. പി.പി. ബാലൻ

അട്ടപ്പാടിയിലെ അഹാഡ്സ് എന്ന കേന്ദ്രം കിലയിൽ ലയിപ്പിച്ച് ട്രൈബൽ ഡവലപ്പ്മെന്റ് നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് എന്ന് പുനർനാമകരണം ചെയ്ത് ആദിവാസിമേഖലയിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനായുള്ള ശേഷിവികസന പരിപാടികൾ ആരംഭിച്ചു.

ഇന്ത്യയ്ക്ക് അകത്തും പുറത്തും വികേന്ദ്രീകരണ, ആസൂത്രണ പരിപാടികൾ വ്യാപിപ്പിക്കുന്നതിൽ കില (Kerala Institute of Local Administration) നേതൃത്വപരമായിട്ടുള്ള പങ്കുവഹിക്കുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ രണ്ടരലക്ഷത്തോളം വരുന്ന പഞ്ചായത്തുകൾ എല്ലാംതന്നെ വികസന പദ്ധതി ഇപ്പോൾ തയ്യാറാക്കി വരുന്നത് കേരളം രൂപം നൽകിയ ആസൂത്രണരീതിയിലാണെന്ന കാര്യം ഏവർക്കും അഭിമാനിക്കാവുന്നതാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കില നടത്തിവരുന്ന സേവനങ്ങൾ മാനിച്ച് മൂന്ന് രാജ്യങ്ങൾ ബംഗ്ലാദേശ്, ശ്രീലങ്ക, ഭൂട്ടാൻ എന്നിവ കിലയ്ക്ക് രാജ്യാന്തര ബഹുമതി നല്കി ആദരിക്കുകയുണ്ടായി. ഇതിനായി കൊളംബോ, ഡാക്ക, തിംമ്പു എന്നീ നഗരങ്ങളിൽ നടന്ന പ്രത്യേക ചടങ്ങിൽ കില ഡയറക്ടർ ബഹുമതികൾ ഏറ്റുവാങ്ങി.

കിലയുടെ സേവനം ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾക്കും ആഫ്രിക്കൻ രാജ്യങ്ങൾക്കും നൽകിവരുന്നു. ഇത് കൂടുതൽ ഭൂഖണ്ഡങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ആവശ്യവും ഉയരുന്നുണ്ട്. അതുകൊണ്ടുതന്നെ കേരള ഗവൺമെന്റ് കിലയെ രാജ്യാന്തര പരിശീലന കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി

## രാജ്യാന്തര പരിശീലനകേന്ദ്രം

അടുത്ത കാലത്താണ് അട്ടപ്പാടിയിലെ അഹാഡ്സ് എന്ന കേന്ദ്രം കിലയിൽ ലയിപ്പിച്ച് 'ട്രൈബൽ ഡവലപ്പ്മെന്റ് നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്' എന്ന് പുനർനാമകരണം ചെയ്ത് ആദിവാസിമേഖലയിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനായുള്ള ശേഷിവികസന പരിപാടികൾ ആരംഭിച്ചത്. കൊട്ടാരക്കരയിലെ എസ്.ഐ. ആർ.ഡി എന്ന പരിശീലനകേന്ദ്രം കിലയുടെ ഭാഗമായി മാറ്റികൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചു. അത് കിലയുടെ മാനവശേഷി വിഭവകേന്ദ്രമായി പുനർനാമകരണം ചെയ്തു. അവിടെ ഇപ്പോൾ



പതിമൂന്നാം വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിപുലമായ പരിശീലന പരിപാടികൾ നടന്നുവരുന്നു. കൂടാതെ തളിപ്പറമ്പ്, കൊട്ടാരക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളും (ETC) വിപുലീകരണത്തിന്റെ ഭാഗമായി കിലയോട് ചേർത്തുകഴിഞ്ഞു. തളിപ്പറമ്പ് ഇ.ടി.സി ഓർഗാനിക് കൃഷിയുടേയും മാലിന്യ സംസ്ക്കരണത്തിന്റേയും കേന്ദ്രമെന്നാണ് അറിയപ്പെടുക. തൃശ്ശൂർ ഇ.ടി.സിയാകട്ടെ സൽഭരണകേന്ദ്രമായും കൊട്ടാരക്കര ഇ.ടി.സി സാമൂഹ്യ സാമ്പത്തിക വികസനകേന്ദ്രമായും പ്രവർത്തിക്കുന്നതാണ്. അഞ്ച് സുപ്രധാനമായ വികസനകേന്ദ്രങ്ങൾ കിലയുടെ കീഴിൽ ഒന്നായി തീരുമ്പോൾ അത് രാജ്യത്ത് തന്നെ ഏറ്റവും വലിയ പരിശീലനകേന്ദ്രമായി മാറും എന്ന കാര്യത്തിൽ തർക്കമില്ല.




അധികാരവികേന്ദ്രീകരണത്തിന്റെ അനുപേക്ഷണീയമായ ഘടകമാണ് നിരന്തരമായ വൈദഗ്ധ്യപോഷണ പരിപാടികൾ. അതുകൊണ്ടു തന്നെ കിലയിലെ പരിശീലന പരിപാടികൾ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുമ്പോൾ അധികാരവികേന്ദ്രീകരണത്തിന്റെ പുത്തൻ അദ്ധ്യായം തുറക്കപ്പെടുകയാണ്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ഒത്തൊരുമയോടെ പ്രവർത്തിച്ച് പ്രാദേശിക ഭരണസംവിധാനത്തെ ജനകീയമാക്കേണ്ടതുണ്ട്. അതിന് കിലയെ ശക്തിപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനം പരക്കെ സ്വാഗതം ചെയ്യപ്പെട്ടു.

## പതിമൂന്നാം പദ്ധതിയും പരിശീലനങ്ങളും

2017 ജനവരി 21-ാം തീയതി തൃശ്ശൂരിൽ വെച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനവും കാഴ്ച്ചപ്പാടുകളും മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും 'നവ കേരളത്തിന് ജനകീയാസൂത്രണം' എന്ന വിഷയത്തിൽ പരിശീലനപരിപാടികൾ നടത്തുകയുണ്ടായി. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് നൽകി വരുന്ന അക്കാദമിക് പിൻബലത്തോടെയും വിദഗ്ധരായ പരിശീലകരുടെയും സഹായത്തോടെയാണ് വികേന്ദ്രീകൃത രീതിയിൽ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് പരിശീലനം നടത്തിയത്. ഗവൺമെന്റ് പുറത്തിറക്കിയ പൊതുമാർഗ്ഗരേഖകൾ, സബ്സിഡി മാനദണ്ഡങ്ങൾ, നഗരാസൂത്രണ മാർഗ്ഗരേഖ എന്നിവയിലധിഷ്ഠിത പരിശീലനമാണാദ്യം നടത്തിയത്. തുടർന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത മിഷൻ പ്രവർത്തനങ്ങളിലൂന്നികൊണ്ടും വിപുലമായ പരിശീലനം നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി രൂപം നൽകിയ ആസൂത്രണസമിതി അംഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, അംഗങ്ങൾ എന്നിവർക്കും പരിശീലനം നൽകി. രണ്ടാംതലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നൂതനങ്ങളായ പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയാണ് മുഖ്യലക്ഷ്യം. രാജ്യാന്തരതലത്തിലേക്ക് ഉയരുമ്പോൾ കിലയിലെ പരിശീലനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാനുള്ള പ്രത്യേക പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

*(ലേഖകൻ കില മുൻഡയറക്ടറാണ്)*

**കിലയിലെ പരിശീലന പരിപാടികൾ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ പുത്തൻ അദ്ധ്യായം തുറക്കപ്പെടുകയാണ്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ഒത്തൊരുമയോടെ പ്രവർത്തിച്ച് പ്രാദേശിക ഭരണസംവിധാനത്തെ ജനകീയമാക്കേണ്ടതുണ്ട്. അതിന് കിലയെ ശക്തിപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനം പരക്കെ സ്വാഗതം ചെയ്യപ്പെട്ടു.**

# ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ

ടി.വി. അബ്ദുറഹിമാൻ കുട്ടി

ഭാഗം -2


മലബാർ ഡിസ്ട്രിക്ട് ബോർഡ് ഉദ്യോഗസ്ഥൻ കണ്ടോത്തെത്തി. റോഡിലൂടെ എല്ലാവർക്കും സഞ്ചരിക്കാൻ അനുവാദമുണ്ടെന്ന ബോർഡ് സ്ഥാപിച്ചു. രംഗം ശാന്തമായതിനെ തുടർന്ന് എ.കെ.ജി. അടക്കം ശാരീരികാവശത കൂസാതെ പ്രയാണം ആരംഭിച്ച ജാഥയ്ക്ക് വഴി നീളെ പണക്കിഴികളും ആവേശകരമായ സ്വീക രണങ്ങളും ലഭിച്ചു. പൊന്നാനി, കുറ്റിക്കാട്, വന്നേരി, കോട്ടപ്പടി തുടങ്ങിയ ഇടങ്ങളിൽ ഗംഭീര വരവേൽപ്പാണ് ലഭിച്ചത്. കേവലം പതി മൂന്ന് വയസ്സുകാരനായ ഇമ്പിച്ചിബാവ എ. കെ.ജി.യോടൊപ്പം പൊന്നാനിയിൽ നിന്ന് ഗു രുവായൂർ വരെ അനുഗമിച്ചു. ഇമ്പിച്ചിബാവയുടെ കാൽനടയായുള്ള പ്രഥമ സമരപോരാട്ടമായിരു ന്നു ഇത്. ഒക്ടോബർ 31ന് വൈകുന്നേരം ജാഥ ഗുരുവായൂരിലെത്തി.

തുടർന്ന് കേളപ്പജിയുടെ നേതൃത്വത്തിൽ 1931 നവംബർ ഒന്നിന് അവർണ്ണരുൾപ്പെടെ ശു ഭ്രവസ്ത്രധാരികളായ നൂറുകണക്കിന് സമരഭട ന്മാരുമായി ക്ഷേത്രനടയിലേക്ക് ജാഥയായി നീങ്ങി. നടയിലെത്തിയപ്പോൾ സമരക്കാരെ അധികാരികൾ തടഞ്ഞു. രാപ്പകൽ ഭേദമന്യെ പ്രതികൂലാവസ്ഥയിലും ത്യാഗങ്ങൾ സർവ്വതും സഹിച്ച് ദിവസങ്ങളോളം സത്യാഗ്രഹം തുടർ ന്നു. വൈകുന്നേരങ്ങളിൽ ചേരുന്ന പൊതുയോ ഗങ്ങളിൽ കേളപ്പൻ ആഗമാനന്ദൻ, വൈശ്ര വണ രാമൻ നമ്പൂതി,രി, മന്നത്ത് പത്മനാഭൻ തുടങ്ങിയ പ്രഗൽഭരുടെ പ്രസംഗങ്ങൾ നടന്നു. ഗീതാക്ലാസും നൂല്നൂൽപ്പും ഭഗവത്പാരായണ വും കീർത്തന ങ്ങൾ പാടി നാലുഗോപുരങ്ങൾ ചുറ്റിയുള്ള ജാഥകളും അപ്പുകുഞ്ഞനെ പോലുള്ള ഗായകരുടെ ഗാനങ്ങളും ആവേശം പകർന്നു. മിക്ക ദിവസങ്ങളിലും നൂറുകണക്കിന് സഹൃദ യർ പങ്കെടുക്കുന്ന ഭജനകളും നടന്നു. എൻ.എ-സ്.എസ്, എസ്.എൻ.ഡി.പി., ഉണ്ണിനമ്പൂതിരി സഭ, യോഗക്ഷേമ സംഘം തുടങ്ങിയ സംഘട നകൾ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചി രുന്നു. അവർണ്ണരും കൂട്ടായ്മകൾ സംഘടിപ്പിച്ചു. മുഖ്യപ്രഭാഷകൻ പാലിയത്ത് കുഞ്ഞുണ്ണി അച്ഛ നായിരുന്നു.

സമാധാനപരമായി ആരംഭിച്ച സമരത്തി നെതിരെ അനുക്രമമായി എതിർപ്പ് വർദ്ധിച്ചുവ ന്നു. സമരാനുകൂലികൾക്കെതിരെ ക്ഷേത്രഭാര വാഹികൾ നിരന്തരമായ ഉപദ്രവം തുടർന്നുകൊ ണ്ടേയിരുന്നു. പരാജയപ്പെടുത്താൻ തൽപരക ക്ഷികൾ അനുദിനം പ്രതികാരനടപടികൾ തുടർ ന്നു. ബ്രിട്ടീഷ് ഭരണകൂടം പോരാട്ടത്തെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നിരീക്ഷിച്ച തിനാൽ സർക്കാർ മിഷ്നറി ഊരാളന്മാരായ സാമൂതിരിക്കും മല്ലിശ്ശേരി നമ്പൂതിരിക്കും ക്ഷേത്ര ഭാരവാഹി കൾക്കും സർവ്വസഹായങ്ങളും നൽകി.

ജീവിതകാലത്തെ എന്റെ പ്രവർത്തനം കൊണ്ട് അധഃകൃതവിഭാഗത്തിന്റെ സ്വാതന്ത്ര്യം

ഡിസംബർ 28ന് എ.കെ.ജി.ക്ക് ക്രൂരമായ മർദ്ദനമേറ്റു. അകാരണ മായുള്ള ഈ കിരാത നടപടി സമരഭടന്മാർ ക്ഷമിച്ചു. സംഭവം സവർണ്ണരുടെ ഇടയിലും ശക്തമായ പ്രതിഷേധ ത്തിന് ഇടയാക്കി. സത്യാഗ്രഹികളെ തടഞ്ഞുനിർത്താൻ ക്ഷേത്രത്തിനരികിൽ കെട്ടിയ മുള്ളുവേലികൾ പൊളിച്ചുമാറ്റി. അന്തരീ ക്ഷം പ്രക്ഷുബ്ധമായി. പരസ്പരം മർദ്ദനങ്ങൾ നടന്നു.



ലക്ഷ്യപ്രാപ്തിയിലെത്താതെ അത് എന്റെ മരണംകൊണ്ട് നിറവേറുമെങ്കിൽ ഞാൻ കൃതാർത്ഥനാണെന്നും അവർക്ക് വേണ്ടി എനിക്ക് മരിക്കാൻ സാധിച്ചുവെങ്കിൽ എന്റെ ജീവിതലക്ഷ്യം സാക്ഷാത്ക്കരിച്ചു എന്നുമാണ് ഞാൻ വിശ്വസിക്കുന്നത്. ഇതായിരുന്നു കേളപ്പജിയുടെ നയം.

സമരം മന്ദഗതിയിലേക്ക് നീങ്ങുമെന്ന സ്ഥിതി സംജാതമായപ്പോൾ ഊർജിതപ്പെടുത്താനായി അബ്രാഹ്മണനായ പി. കൃഷ്ണപ്പിള്ള ക്ഷേത്ര ശ്രീകോവിലിന് മുന്നിലെ മണിയടിച്ചു. ഈ കർമ്മം നിർവ്വഹിക്കാനുള്ള അധികാരം ബ്രാഹ്മണർക്ക് മാത്രമായിരുന്നു. തൽസമയം ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയനായ അദ്ദേഹം മണിയടി തുടർന്നു. പിറ്റേ ദിവസവും കൃഷ്ണപ്പിള്ള മണിയടി ആരംഭിച്ചു. പൂർവ്വോപരി അതിക്രൂരമായി മർദ്ദനമേൽക്കേണ്ടിവന്ന അദ്ദേഹം അക്ഷോഭ്യനായി എല്ലാം സഹിച്ചു. അദ്ദേഹത്തെയും സഹപ്രവർത്തകനായ പത്മനാഭൻ തമ്പിയേയും ക്ഷേത്രനടയിൽനിന്നും ജീവനക്കാർ ബലമായി വലിച്ചിഴച്ച് പുറത്തേക്കിട്ടു. അദ്ദേഹം അവിടെ പിക്കറ്റിങ് ആരംഭിച്ചു.

ഡിസംബർ 28ന് എ.കെ.ജി.ക്ക് ക്രൂരമായ മർദ്ദനമേറ്റു. അകാരണമായുള്ള ഈ കിരാത നടപടി സമരഭടന്മാർ ക്ഷമിച്ചു. സംഭവം സവർണ്ണരുടെ ഇടയിലും ശക്തമായ പ്രതിഷേധത്തിന് ഇടയാക്കി. സത്യാഗ്രഹികളെ തടഞ്ഞുനിർത്താൻ ക്ഷേത്രത്തിനരി കിൽ കെട്ടിയ മുള്ളുവേലികൾ പൊളിച്ചുമാറ്റി. അന്തരീക്ഷം പ്രക്ഷുബ്ധമായി. പരസ്പരം മർദ്ദനങ്ങൾ നടന്നു. ജനുവരി 28 വരെ ക്ഷേത്രം അടച്ചുപൂട്ടി. ക്ഷേത്രം അടഞ്ഞുകിടന്നിരുന്ന സന്ദർഭങ്ങളിലെല്ലാം സമരഭടന്മാർ ഗോപുരസമീപത്ത് നിലകൊണ്ടു. പരിസരത്ത് താമസിക്കുന്ന ബ്രാഹ്മണർ ഒഴികെ ഭൂരിഭാഗവും സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിച്ചു.

താൻ തുടങ്ങിവെച്ച മഹത്തരവും പുണ്യവുമായ ജനകീയ ആവശ്യം നിറവേറ്റിത്തരണമെന്ന് അഭ്യർത്ഥിച്ച് ജനുവരി 27ന് കേളപ്പൻ സാമൂതിരിക്ക് കത്തെഴുതി. ജനുവരി 28ന് രാവിലെ ക്ഷേത്രം തുറന്നെങ്കിലും അധികാരികൾ പൂർവ്വരീതിയിൽതന്നെ നിലപാടുകൾ ആവർത്തിച്ചു. നാലു നടകളിലും സത്യാഗ്രഹം നടത്താൻ പരിപാടികൾ ആസൂത്രണം ചെയ്തു. ഒരവസരത്തിൽ ക്ഷേത്രത്തിനകത്തും പ്രക്ഷോഭം നടത്തുമെന്ന ഘട്ടംവരെ എത്തി. സത്യാഗ്രഹികളുടെ അഭ്യർത്ഥന മാനിച്ച് അത് പിൻവലിച്ചു.സർദാർ വല്ലഭായ് പട്ടേലടക്കമുള്ള ദേശീയ നേതാക്കളുടെയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യസമരസേനാനികളുടെയും പാർട്ടി പ്രവർത്തകരുടെയും അനുഭാവികളുടെയും ശക്തമായ പിൻതുണയും ആശംസകളും അടങ്ങിയ സന്ദേശങ്ങൾ അനുദിനം വന്നുകൊണ്ടിരുന്നു.

1932 ജനുവരി 4 ന് രണ്ടാം വട്ടമേശസമ്മേളനം കഴിഞ്ഞ് തിരിച്ചെത്തിയ ഗാന്ധിജിയെ ബോംബെയിൽ വെച്ച് അറസ്റ്റ് ചെയ്തു. തുടർന്നുണ്ടായ പ്രത്യേക സാഹചര്യത്തിൽ സത്യാഗ്രഹത്തിന്റെ നേതൃത്വം കോൺഗ്രസ്സിന്റെ നിയന്ത്രണത്തിൽ നിന്ന് വേർപ്പെടുത്തി കേളപ്പന്റെ നേതൃത്വത്തിൽ സ്വതന്ത്ര കമ്മിറ്റി രൂപീകരിച്ച് ചുമതല നൽകി. നിയമലംഘനമാർഗ്ഗം ഉപേക്ഷിച്ച് സമാധാനത്തിലൂടെ സത്യാഗ്രഹം തുടരാൻ അദ്ദേഹം നിർദ്ദേശിച്ചു. 1932 ലെ ബ്രിട്ടീഷ് സർക്കാരിന്റെ അഞ്ചാം നമ്പർ ഉത്തരവു പ്രകാരം ക്ഷേത്ര പരിസരത്ത് 50 വാരയ്ക്കുള്ളിൽ പ്രവേശനം കർശനമായി നിരോധിച്ചു. തുടക്കത്തിലുള്ള ആർജ്ജവം ക്രമാനുഗതമായി മന്ദീഭവിച്ചുവന്നു. എന്നിട്ടും പോരാട്ടം തുടർന്നു.

(തുടരും)

ജനുവരി 28 വരെ ക്ഷേത്രം അടച്ചുപൂട്ടി. ക്ഷേത്രം അടഞ്ഞുകിടന്നിരുന്ന സന്ദർഭങ്ങളിലെല്ലാം സമരഭടന്മാർ ഗോപുരസമീപത്ത് നിലകൊണ്ടു. പരിസരത്ത് താമസിക്കുന്ന ബ്രാഹ്മണർ ഒഴികെ ഭൂരിഭാഗവും സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിച്ചു.

വായിച്ചിരിക്കേണ്ട പുസ്തകം

# കുട്ടികൾ എന്ന വിസ്മയപാഠം

**ഡി. യേശുദാസ്**

> *"എനിക്ക് ടോട്ടോ ചാന്റെ അമ്മയെ പോലെ ഒരു അമ്മയും കൊബായാഷി മാസ്റ്ററെപ്പോലെ ഒരു അധ്യാപകനും ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇതുപോലൊരു സ്ഥലത്തു വന്നു പെടില്ലായിരുന്നു"*
> **ദുർഗ്ഗുണപരിഹാര കേന്ദ്രത്തിലെ തടവറയിൽ നിന്ന് ഒരു ഹൈസ്കൂൾ വിദ്യാർഥിനി എഴുത്തുകാരിയായ തെത്സുകോ കുറോയാനഗിക്ക് എഴുതിയ കത്തിൽ നിന്ന്**

ലോകമെങ്ങുമുള്ള വിദ്യാഭ്യാസ പ്രവർത്തകരേയും അധ്യാപകരെയും വിദ്യാർഥികളെയും രക്ഷിതാക്കളെയും സംബോധന ചെയ്യുകയാണ് ടോട്ടോ – ചാൻ എന്ന പുസ്തകം.. കേവലവായനയുടേതല്ല ഈ പുസ്തകം. മക്കളെ സ്നേഹിക്കുന്ന, ഭാവിയെ അഭിലഷിക്കുന്ന മനുഷ്യരാകമാനം ഈ നോവലിനെ നെഞ്ചോടു ചേർത്തുപിടിക്കുന്നത് " എന്തൊരു വിസ്മയമാണീ കുട്ടികൾ" എന്നു ബോധ്യപ്പെടുത്തുന്നതു കൊണ്ടാണ്.. എഴുത്തുകാരിയുടെ യഥാർഥ അനുഭവങ്ങളുടെ നൈസർഗ്ഗികാവിഷ്കാരമാണ് ടോട്ടോ -ചാൻ.

കുട്ടികൾ ഇന്നത്തെ ഏറ്റവും വലിയ വ്യാപാരവസ്തുവാണെന്നു പറയാം.വിദ്യാഭ്യാസമാണ് ആ വ്യാപാരം. പണം സമ്പാദിക്കാൻ വേണ്ടി വിദ്യാഭ്യാസക്കച്ചവടക്കാരും രക്ഷിതാക്കളും മക്കളെ ഉപയോഗിക്കുന്ന ഒരു കാലത്ത് ടോട്ടോ-ചാനെന്ന കുട്ടിയുടെ കഥ ഒരു വിസ്മയവും ഉന്നതമായ ഒരു പാഠവുമാണ്.

ടോട്ടോ-ചാൻ തന്റെ എലിമെന്ററി സ്കൂളിൽ നിന്നും പുറത്താക്കപ്പെടുന്നു. കാരണം മറ്റൊന്നുമല്ല.അവളുടെ വികൃതികാരണം അധ്യാപികയ്ക്ക് ക്ലാസ്സ് എടുക്കാനാവുന്നില്ല. അവൾ ജനാലയ്ക്കരികിലേക്കോടുന്നു, തെരുവുഗായകരുടെ പാട്ടാസ്വദിക്കുന്നു, പെൻസിൽ ബോക്സ് ഇടയ്ക്കിടെ തുറന്നടച്ച് വലിയ ശബ്ദമുണ്ടാക്കുന്നു.ളുക്കണ്ണാം കുരുവികളോട് സംസാരിക്കുന്നു എന്നിങ്ങനെ നീളുന്ന പരാതികൾ. മറ്റൊരു സ്കൂൾ കണ്ടുപിടിക്കാൻ അധ്യാപിക ആവശ്യപ്പെട്ടതോടെ അമ്മയ്ക്ക് മറ്റൊരു സ്കൂൾ കണ്ടുപിടിക്കേണ്ടി വന്നു. അതാണ് കൊബായാഷി മാഷിന്റെ റ്റോമോ വിദ്യാലയം.ആ സ്കൂളിലേക്ക് അവളെ കൊണ്ടുപോകുമ്പോൾ അമ്മ അവളോട് ,അവളെ സ്കൂളിൽ നിന്നും പുറത്താക്കിയതാണെന്നു പറയുന്നേയില്ല . അത് അവളുടെ ആത്മവിശ്വാസത്തെ തകർത്തുകളയുമെന്ന് അമ്മയ്ക്ക് അറിയാമായിരുന്നു.

പുതിയ സ്കൂളിൽ അവളെ കാത്തിരുന്നത് അത്ഭുതങ്ങളുടേതായ ഒരു ലോകമായിരുന്നു. തീവണ്ടി കോച്ചുകളായിരുന്നു ക്ലാസ്മുറി. വളരെ കുറച്ചു കുട്ടികൾ . ഹെഡ്മാസ്റ്ററോട് ടോട്ടോ ചോദിച്ചത്,അദ്ദേഹം സ്റ്റേഷൻ മാസ്റ്ററാണോ, ഹെഡ്മാസ്റ്ററാണൊ എന്നായിരുന്നു.ഈ ചോദ്യം മാസ്റ്ററെ ഏറെ രസിപ്പിച്ചു. കുഞ്ഞുങ്ങളുടെ നിഷ്കളങ്കതയെ സംബന്ധിച്ച് അദ്ദേഹത്തിന് നല്ല ധാരണയുണ്ടായിരുന്നു. അതൊരു വമ്പിച്ച അനുഭവമായി വളർന്നു വികസിച്ചു. പഠിക്കേണ്ട വിഷയങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നെങ്കിലും ഇഷ്ടമുള്ള വിഷയം ഇഷ്ടമുള്ള സമയത്തു പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നു എന്നത് റ്റോമോ സ്കൂളിന്റെ സവിശേഷതയായിരുന്നു. യഥേഷ്ടം കളിക്കാൻ കഴിയുന്നതിന് പഴയവസ്ത്രങ്ങൾ ധരിച്ചെത്താൻ കുട്ടികളോട് കൊബായാഷി മാസ്റ്റർ പറഞ്ഞു. കടലിൽ നിന്നും കാട്ടിൽ നിന്നും നാട്ടിൽ നിന്നും ഉള്ള വിഭവങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു. വിനോദപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സ്വഭാവരൂപീകരണത്തിൽ നിർണ്ണായകമായ ഇടപെടൽ കുട്ടികൾ അറിയാതെ ഉണ്ടാക്കിയെടുത്തു. സഞ്ചാരവും നാടകവും വിനോദങ്ങളും ഉൾപ്പെടുത്തി പഠനത്തെ ആസ്വാദ്യമാക്കിമാറ്റി. സ്കൂൾ വിട്ടാലും കുട്ടികൾ വീട്ടിൽ പോകുന്നതു വൈകി. രാവിലെ സ്കൂളിലെത്താൻ അവർ ആവേശം കാണിച്ചു. ശേഷി കുറഞ്ഞ കുട്ടികൾ വിജയിക്കുന്ന തരത്തിൽ മൽസരങ്ങൾ ആസൂത്രണം ചെയ്തു. എല്ലാവരും പരസ്പരം ആവുന്നത്ര സഹായിച്ചു. കുഞ്ഞുങ്ങളുടെ മനസ്സിൽ എങ്ങനെയാണ് മാനവികമൂല്യങ്ങൾ സ്വാഭാവികമായി വളർന്നു വികസിക്കുന്നതെന്ന് ഈ നോവൽ വെളിവാക്കിത്തരുന്നു. പറയുന്നതിനോടും ആജ്ഞാപിക്കുന്നതിനോടും കുഞ്ഞുങ്ങൾ മുഖം തിരിക്കുകയേ ഉള്ളൂ. എന്നാൽ എന്താണോ അവർ കാണുന്നത് , സ്വാനുഭവത്തിലൂടെ ബോധ്യപ്പെടുന്നത് അത് അവർ ജീവിതത്തിലേക്ക് പകർത്തിവയ്ക്കും, ആഹ്ലാദപൂർവം. റ്റോമോ വി



## തെത്സുകോ കുറയോ നഗി

ജാപ്പനീസ് എഴുത്തുകാരി.അവരുടെ ആത്മകഥാപരമായ നോവലാണ്, ടോട്ടോ ചാൻ- ജനാലയ്ക്കരികിലെ വികൃതിക്കുട്ടി.. ഈ നോവലിന്റെ രചയിതാവായതു കൊണ്ട് മാത്രം യുനിസെഫിന്റെ ഗുഡ് വിൽ അംബാസിഡറായി. ലോകമെങ്ങുമുള്ള ഒട്ടുമിക്ക ഭാഷകളിലും വിവർത്തനം ചെയ്യപ്പെടുകയും കോടിക്കണക്കിനു പ്രതികൾ വിറ്റു പോവുകയും ചെയ്ത പുസ്തകം കൂടിയാണിത്. ആത്മകഥാപരമായ ഈ നോവൽ 1937-ൽ കൊബായാഷി എന്ന അത്യസാധാരണനായൊരധ്യാപകൻ സ്ഥാപിച്ചതും 1945-ൽ രണ്ടാം ലോകയുദ്ധകാലത്തെ ബോംബിങ്ങിൽ നശിച്ചുപോവുകയും ചെയ്ത റ്റോമോ എന്ന വിദ്യാലയത്തിന്റെ കഥയാണ് പറയുന്നത്. . ഈ നോവലിനെ ആസ്പദമാക്കി 'ടോട്ടോ-ചാൻ സിൻഡ്രോം' 'ടോട്ടോ-ചാൻ ഒരു ബെസ്റ്റ് സെല്ലറിന്റെ കഥ' എന്നീ ഗ്രന്ഥങ്ങളും രചിക്കപ്പെട്ടു.

ദ്യാലയം കുഞ്ഞുങ്ങളുടെ അപാരമായ കഴിവിൽ വിശ്വാസം അർപ്പിക്കുന്നതെങ്ങനെ എന്ന് വായിച്ചറിയുക തന്നെ വേണം.

വളരുമ്പോൾ ചാരപ്പണിക്കാരിയാവണം എന്നും റയിൽവേ സ്റ്റേഷനിലെ ടിക്കറ്റ്കളക്ടറെ കാണുന്നതോടെ ഒരു ടിക്കറ്റ് കളക്ടറാവണമെന്നും ഒരു ബാലെ നർത്തനം കാണുന്നതോടെ അങ്ങനെയൊരു നർത്തകിയാവണം എന്നും തീരുമാനമെടുത്ത ടോട്ടോ-ചാൻ മുതിരുന്നതോടെ റ്റോമോയിലെ അധ്യാപികയാവണം എന്ന തീരുമാനത്തിലെത്തിച്ചേരുന്നത് അവൾ വളരുന്നതിന്റെ മാത്രം കഥയല്ല , ആ വിദ്യാലയം എന്തുമാത്രം സ്വാധീനമാണ് ഉണ്ടാക്കിയത് എന്നതിന്റെ കൂടിയാണ്.

ഈ നോവൽ മഹാനായ ഒരു അധ്യാപകനെ നമുക്ക കാണിച്ച തരുന്നു- .ഈ അധ്യാപകന്റെ പക്ഷത്തു നിന്നു നോവൽ വായിക്കുമ്പോൾ അദ്ദേഹം തന്റെ വിദ്യാർഥികളെ എന്തു മാത്രം സ്നേഹിച്ചിരുന്നു എന്നും അവരുടെ സമഗ്രമായ വ്യക്തിത്വവികസനത്തിന് എത്ര അവഗാഹത്തോടെയാണ് ദൈനംദിന പരിപാടികൾ ആസൂത്രണം ചെയ്തതെന്നും ആലോചിച്ച നാം വിസ്മയിക്കാതിരിക്കില്ല. കുട്ടികളുടെ പക്ഷത്തു നിന്നു നോക്കുകയാണെങ്കിൽ അവരുടെ അതിരില്ലാത്ത ഉൽസാഹത്തേയും ജിജ്ഞാസയേയും കഴിവുകളേയും തിരിച്ചറിവുക ളെയും കണ്ട് നാം അദ്ഭുതപ്പെടാതിരിക്കില്ല. രക്ഷിതാവിന്റെ വീക്ഷണത്തിൽ ഈ നോവൽ വായിക്കുമ്പോൾ ഈ ഉൽസാഹത്തിടമ്പുകളെ എത്രമാത്രം ഇകഴ്ത്തിക്കാണുകയാണ് ചെയ്തത് എന്നും അവരുടെ കഴിവുകളെ ,ആത്മവിശ്വാസത്തെ, സ്വപ്നങ്ങളെ എങ്ങനെയാണ് കൈ കാര്യം ചെയ്യേണ്ടത് എന്നും നാം ചിന്തിക്കാതിരിക്കില്ല. വ്യവസ്ഥാപിത സ്കൂൾ സമ്പ്രദായം കുട്ടികളുടെ ശേഷികളെ വളർത്തുകയല്ല തളർത്തുകയാണെന്നു കാണാൻ വിഷമമുണ്ടാവുകയില്ല.




പഠനം ആഹ്ലാദം കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണെന്നു പറയാറുണ്ട്. ഈ നോവൽ ഈ ചിന്തയ്ക്ക് അടിവരയിടുന്നു.പ്രകൃതിയിൽ നിന്നു നേരിട്ടു പഠിക്കേണ്ടതിന്റെ ആവശ്യകത ഈ മഹത്തായ കൃതി ഉന്നംവയ്ക്കുന്നു. തന്റെ പ്രാഥമികമായ പ്രാപഞ്ചികാനുഭവങ്ങളിലൂടെ എങ്ങനെയാണ് ഒരുകുട്ടി ജീവിതത്തെ സ്നേഹിക്കാൻ പഠിക്കുന്നതെന്ന നേരറിവ് ഈ പുസ്തകത്തിലുണ്ട്. വായനയും പഠനവും എഴുത്തും അന്വേഷണവും സ്വാഭാവികമായി, ആഹ്ലാദകരമായി വളർത്തിയെടുക്കുന്നതിന്റെ രസതന്ത്രം ഈ നോവലിലുണ്ട്.


*(ലേഖകൻ കവിയും അദ്ധ്യാപകനുമാണ്. ഫോൺ: 9446458166 )*



# മൂല്യവർദ്ധനസാധ്യതകൾ പഴം പച്ചക്കറികളിൽ

**ജോസഫ് ജോൺ തേറാട്ടിൽ**

പഴം, പച്ചക്കറി ഉല്പാദനത്തിൽ ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനം രണ്ടാമതാണ്. എല്ലാ തരത്തിലുമുള്ള പഴം, പച്ചക്കറികൾ കൃഷിചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം കൂടിയാണ് നമ്മുടെ രാജ്യം. മാമ്പഴം, വാഴപ്പഴം, സപ്പോട്ട, ചെറുനാരങ്ങ പോലുള്ള പഴവർഗ്ഗവിളകളിലും പയർവർഗ്ഗങ്ങൾ, കോളിഫ്ളവർ, ക്യാബേജ് തുടങ്ങിയ പച്ചക്കറി വർഗ്ഗവിളകളിലും നമ്മുടെ രാജ്യത്തിന്റെ ഉത്പാദനം വളരെ മികച്ചതാണ്. ഇങ്ങനെ ലോകത്ത് മികച്ച ഉത്പാദനം നേടുന്ന രാജ്യമാകുമ്പോഴും ഭക്ഷ്യസംസ്കരണരംഗത്ത് നമ്മുടെ സ്ഥാനം വളരെ പിറകിലാണ്. പഴം, പച്ചക്കറികളുടെ സംസ്കരണത്തിൽ ലോകഉത്പാദനത്തിന്റെ 2-5% മാത്രമാണ് ഇന്ത്യയിൽ നടന്നുവരുന്നത്. എന്നാൽ ഇത് അമേരിക്കയിൽ 65%, മലേഷ്യയിൽ 80%, ഫിലിപ്പീൻസിൽ 78%, ചൈനയിൽ 30% എന്നീ തോതുകളിലാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പഴം, പച്ചക്കറികളുടെ 35-40 ശതമാനവും സംസ്കരണത്തിന്റെ അഭാവംമൂലം നശിച്ചുപോകുന്നതായാണ് കണ്ടെത്തിയിരിക്കുന്നത്.

ഏകദേശം അരലക്ഷം കോടി രൂപയോളം വരുമിതെന്ന് കണക്കാക്കിയിരിക്കുന്നു. എത്ര വലിയ തുകയാണ് വർഷവും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തം.

കേരളത്തിലും സ്ഥിതി ഒട്ടും വ്യത്യസ്തമല്ല. പഴം, പച്ചക്കറികളുടെ ഉല്പാദനം കുറവാണെന്ന് മാത്രമല്ല മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണമോ, സംസ്കരണരീതികളോ കാര്യമായി കേരളത്തിൽ ഇല്ല എന്ന് പറയാം. കൃഷിസ്ഥലങ്ങളുടെ അപര്യാപ്തത മൂലം വീട്ടുവളപ്പിലെ കൃഷിയാണ് കേരളത്തിൽ മുഖ്യം. വീട്ടുവളപ്പിൽ കൃഷിചെയ്തുവരുന്ന വാഴ, മാമ്പഴം, ചക്ക, വിവിധയിനം പച്ചക്കറികൾ എന്നിവ പോഷകസമൃദ്ധമാണ്. ഇവ നേരിട്ടുപയോഗിക്കുന്നതിനോടൊപ്പം അല്പം മൂല്യവർദ്ധന കൂടി കൊണ്ടുവരുന്നതിന് സാധിച്ചാൽ നമ്മുടെ സംസ്ഥാനത്ത് നശിച്ചുപോകുന്ന പഴം, പച്ചക്കറികളുടെ നഷ്ടം വലിയൊരളവുവരെ കുറയ്ക്കുന്നതിന് സാധ്യമാകും. ഈ രംഗത്ത് കുടുംബശ്രീകൾ, ജെ.എൽ.ജികൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയ സംവിധാനങ്ങൾക്ക് ഒരുപാട് പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാനാകും. ഓരോ സ്ഥലത്തും ലഭ്യമായ പഴം, പച്ചക്കറി ഇനങ്ങളെ അടിസ്ഥാനമാക്കി സംസ്കരണവും മൂല്യവർദ്ധനയും നടപ്പിൽവരുത്തിയാൽ വിജയിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. അല്ലാതെ ഏതെങ്കിലും പ്രദേശത്ത് വിജയിച്ച മാതൃകകൾ അപ്പാടെ അനുകരിക്കുന്നത് കൂടുതൽ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കും. കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന ലളിതമായ ചില മൂല്യവർദ്ധിത ഉല്പന്നങ്ങളെ ഇവിടെ പരിചയപ്പെടുത്താം.

## വാഴയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ

മൂല്യവർദ്ധിത ഉല്പന്നങ്ങൾ യഥേഷ്ടം ഉണ്ടാക്കുന്നതിന് സാധിക്കുന്ന ഒരു വിളയാണ് വാഴ. കേരളത്തിൽ അധികവും നേന്ത്രൻ ഇനമാണ് കൃഷി ചെയ്തുവരുന്നത്. ഞാലിപ്പൂവൻ, പൂവൻ, കദളി തുടങ്ങിയ ഇനങ്ങളും കൃഷിചെയ്യുന്നുണ്ട്.

## ചിപ്സ്

ചിപ്സ് അഥവാ നേന്ത്രക്കായ് വറുത്തത് ആണ് പ്രധാന മൂല്യവർദ്ധിത ഉല്പന്നമായി നാം ഉപയോഗിക്കുന്നത്. 40% വരെ ചിപ്സ് ലഭിക്കും. എൺപത് ശതമാനം മൂപ്പെത്തിയ കായ്കളാണ് ഇതിന് വേണ്ടി ഉപയോഗിക്കുന്നത്. വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന ചെങ്ങാലിക്കോടൻ ഏത്തയ്ക്കാ ഉപ്പേരിയുടെ സ്വാദ് ഒന്നു വേറെതന്നെയാണ്. തൃശ്ശൂർ ജില്ലയിൽ ഇതിന് ഡിമാന്റും കൂടുതലാണ്. 4-5 പേർ ചേർന്ന് സ്ലൈസർ (slicer) പോലെയുള്ള യന്ത്രസഹായത്തോടെ ചിപ്സ് വറുത്തെടുത്ത് ബ്രാൻഡ് നാമത്തോടെ വിപണിയിൽ എത്തിക്കുന്നതിന് സാധിക്കും. പോളിത്തീൻ കവറിലാക്കിയ ചിപ്സ് 35-40 ദിവസംവരെ സൂക്ഷിച്ചുവയ്ക്കാൻ പറ്റും.



## ഏത്തയ്ക്കാപൊടി

ഗുണമേന്മയുള്ള നേന്ത്രക്കായ് തൊലികളഞ്ഞ് ചിപ്സിന്റെ രൂപത്തിൽ മുറിച്ച് ഡ്രൈയറിൽ രണ്ട് മണിക്കൂർ ഉണക്കിയതിനുശേഷം പൾവറൈസറിൽ പൊടിച്ച് അരിച്ചെ ടുക്കുന്നു. അരിച്ചെടുത്ത ബനാന പൗഡർ വിൽപനയ്ക്കായി എത്തിക്കാം. ജലാംശം 2-4 ശതമാനത്തിൽ താഴെയായിരിക്കണം. കുന്നൻകായുടെ പൊടിയും ഇതുപോലെ തയ്യാറാക്കാം. അമൃതം ന്യൂട്രീമിക്സ് പോലുള്ള പോഷകാഹാരപായ്ക്കറ്റുകൾ വാഴയിൽ നി ന്നും ഉണ്ടാക്കുന്നതിന് സാധിക്കും. നമ്മുടെ തൊടികളിൽ ധാരാളമായി ഉണ്ടായിരുന്ന കുന്നവാഴയുടെ കൃഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി സഹായിക്കും.

## ഏത്തയ്ക്കാ മാവ് (Banana flour)

പച്ചനിറത്തോടുകൂടിയതും മൂപ്പുള്ളതും ധാരാളം അന്നജമടങ്ങിയതുമായ വാഴയിനങ്ങളിൽ നിന്നാണ് ഏത്തയ്ക്കാ മാവ് ഉണ്ടാക്കുന്നത്. പഴുക്കാത്ത കായകൾ തൊലികളഞ്ഞ് ഒരു ശതമാനം വീര്യമുള്ള പൊട്ടാസ്യം മെറ്റാ സൾഫേറ്റുമായി പ്രവർത്തിപ്പിച്ച് ഉണക്കി ജലാംശം കളഞ്ഞതിനുശേഷം ഗ്രൈൻഡറിൽ പൊടിച്ചാണ് ഒട്ടിപ്പിടിക്കാത്ത രീതിയിലുള്ള മാവ് തയ്യാ

വാഴയ്ക്കാ തൊലിയിൽ നിന്നും ആൽക്കഹോൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യയും ലഭ്യമാണ്. വ്യത്യസ്തതയുള്ള പുതുമയാർന്ന വിവിധതരം വാഴ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുകവഴി വാഴകൃഷിക്കാരന് മികച്ച വിലയും സംസ്കരണത്തിലൂടെ വിപണി സാന്നിദ്ധ്യവും ഉറപ്പാക്കുവാൻ കഴിയും.





റാക്കുന്നത്. ഇത് നിരവധി ഭക്ഷ്യവസ്തുക്കളിൽ ഉപയോഗിക്കാവുന്നതാണ്. ബ്രഡ്, ബിസ്ക്കറ്റ്, കേക്ക്, ബേബിഫുഡ് എന്നിവ ഉണ്ടാക്കുന്നതിന് മൈദയ്ക്ക് പകരം ഉപയോഗിക്കാം. ഈ ഏത്തയ്ക്കാ മാവ് പോഷകസമൃദ്ധമാണ് എന്നതിനോടൊപ്പം കായയ്ക്ക് വിലകുറയുമ്പോൾ സംഭരിച്ചുവെയ്ക്കുകയാണെങ്കിൽ പിന്നീട് നല്ല വില ലഭ്യമാകുന്ന ഉത്പന്നമാക്കിയെടുക്കുന്നതിനും സാധിക്കും. ഒരു വർഷംവരെ ഇത് കേടുകൂടാതെ സൂക്ഷിക്കാൻ സാധിക്കും.

> പഴം, പച്ചക്കറികളുടെ ഉല്പാദനം കുറവാണെന്ന് മാത്രമല്ല മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണമോ, സംസ്കരണരീതികളോ കാര്യമായി കേരളത്തിൽ ഇല്ല എന്ന് പറയാം. കൃഷിസ്ഥലങ്ങളുടെ അപര്യാപ്തത മൂലം വീട്ടുവളപ്പിലെ കൃഷിയാണ് കേരളത്തിൽ മുഖ്യം. വീട്ടുവളപ്പിൽ കൃഷിചെയ്തുവരുന്ന വാഴ, മാമ്പഴം, ചക്ക, വിവിധയിനം പച്ചക്കറികൾ എന്നിവ പോഷകസമൃദ്ധമാണ്.

## ഫ്രൂട്ട്ബാർ

പാകമായ വാഴപ്പഴത്തിൽ നിന്നും ഉണ്ടാക്കാവുന്ന സ്വാദിഷ്ടമായ ഒരു ഉല്പന്നമാണ് ഫ്രൂട്ട്ബാർ. ഏത് ഇനത്തിൽപ്പെട്ട വാഴപ്പഴവും ഉപയോഗിക്കാം. ഇതിൽ പഴത്തിന്റെ പൾപ്പ്, പഞ്ചസാര, സിട്രിക് ആസിഡ് എന്നിവ അനുയോജ്യമായ അളവിൽ ചേർത്ത് വെണ്ണ/നെയ്യ് പുരട്ടിയ ട്രേയിൽവച്ച് ജലാംശം കളഞ്ഞാണ് തയ്യാറാക്കുന്നത്. മെട്രോ നഗരങ്ങളിലെ മാളുകളിലും ഷോപ്പിംഗ് സെന്ററുകളിലും വൻ വില കൊടുത്താണ് ഉപഭോക്താക്കൾ ഫ്രൂട്ട്ബാർ വാങ്ങുന്നത്. എളുപ്പം ഉണ്ടാക്കാവുന്ന ഈ ഇനത്തിന് കേരളത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. കയറ്റുമതി സാധ്യത ധാരാളമുള്ള ഉല്പന്നം കൂടിയാണിത്.

## വൈൻ

വാഴപ്പഴത്തിന്റെ നീരും യീസ്റ്റും ചേർത്തുണ്ടാക്കുന്ന വൈൻ 21 ദിവസത്തെ ഫെർമെന്റേഷൻ കഴിഞ്ഞാണ് വിപണനത്തിന് തയ്യാറാക്കുന്നത്. മാസങ്ങളോളം കേടുകൂടാതെയിരിക്കും.

## ബനാനാ ഫിഗ്

നന്നായി ഉണക്കിയെടുത്ത മധുരമുള്ള വാഴപ്പഴമാണ് ബനാനാ ഫിഗ്. കർപ്പൂരവളളി, റോബസ്റ്റ തുടങ്ങിയ ഇനങ്ങളാണ് കൂടുതലായി ഉപയോഗിക്കുന്നത്. ജലാംശം കളഞ്ഞ് ഉണക്കിയെടുക്കുന്ന ഈ ഉല്പന്നത്തിന് പോഷകഘടകങ്ങളൊന്നും നഷ്ടപ്പെടുന്നില്ല എന്ന പ്രത്യേകതയുമുണ്ട്.

## വാഴനാര്

വാഴക്കുല മുറിച്ച ശേഷം പാഴാക്കിക്കളയുന്ന വാഴപ്പിണ്ടിയിൽ നിന്നും ഉണങ്ങിയ ഇലത്തണ്ടുകളിൽ നിന്നുമാണ് വാഴനാര് എടുക്കുന്നത്. നേന്ത്രൻ, ഞാലിപ്പൂവൻ, ചെങ്കദളി എന്നീ വാഴകളിൽ നിന്നും തിളക്കമുള്ള വാഴനാര് നിർമ്മിക്കാം. വിവിധയിനം കളിപ്പാട്ടങ്ങൾ, കരകൗശല ഉല്പന്നങ്ങൾ എന്നിവ ഉ ണ്ടാക്കുന്നതിന് വാഴനാരുകൾ ഉപയോഗിക്കുന്നു. വാഴപ്പിണ്ടിയിൽ നിന്നും നാരുകൾ വേർതിരിച്ചെടുക്കുന്നതിന് യന്ത്രങ്ങളും വിപണിയിൽ ലഭ്യമാണ്. കൂടാതെ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള ഫൈബർ ഡിസൈൻ സെന്ററിലും തൃശ്ശൂർ-നടത്തറയിലുള്ള ട്രെയിനിംഗ് സെന്ററിലും വാഴനാരിൽ നിന്നുമുള്ള ഉല്പന്നങ്ങൾ ഉ ണ്ടാക്കുന്നതിന് പരിശീലനം നൽകിവരുന്നു.

ഈ ഉല്പന്നങ്ങൾക്ക് പുറമേ ബനാന ബിസ്ക്കറ്റ്, ജാം, ജെല്ലി, നെക്ടർ തുടങ്ങിയ ഉല്പന്നങ്ങളും ഉണ്ടാക്കിയെടുക്കാം. ഇതുകൂടാതെ വാഴയ്ക്കാ തൊലിയിൽ നിന്നും ആൽക്കഹോൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യയും ലഭ്യമാണ്. വ്യത്യസ്തതയുള്ള പുതുമയാർന്ന വിവിധതരം വാഴ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുകവഴി വാഴകൃഷിക്കാരന് മികച്ച വിലയും സംസ്കരണത്തിലൂടെ വിപണി സാന്നിദ്ധ്യവും ഉറപ്പാക്കുവാൻ കഴിയും.

*(ലേഖകൻ*
*പഴയന്നൂർ ഗ്രാമപഞ്ചായത്ത്*
*കൃഷി ഓഫീസറാണ്*
*ഫോൺ - 9447529904)*



# കുങ്കുമപ്പൂവും വെളുത്തകുഞ്ഞും

**ഡോ. വട്ടവിള വിജയകുമാർ**

ആദ്യത്തെ കൺമണി ആണായിരിക്കണം
ആരുമേ കണ്ടാൽ കൊതിക്കണം
അവൻ അച്ഛനെപോലെയിരിക്കണം ......

ഭാസ്കരൻ മാഷ് എഴുതി ബാബുരാജ് ഈണമിട്ട ഈ പാട്ട് 1962 ൽ ഇറങ്ങിയ ഭാഗ്യജാതകം എന്ന സിനിമയിലേതാണ്. ദാമ്പത്യവല്ലരി പൂക്കാറാവുമ്പോൾ ദമ്പതികളിലൊരാൾ മൂളാൻ കൊതിക്കുന്ന ഈ പാട്ടിൽ ആഗ്രഹത്തിന്റെ തീവ്രമായ ഒരു വികാരം ഒളിഞ്ഞിരിപ്പുണ്ട്. ആദ്യത്തേത് ആൺകുട്ടിയാണെങ്കിൽ ആകാംക്ഷാരഹിതമായിരിക്കും രണ്ടാമത്തെ പ്രസവമെന്ന ധ്വനിയാണ് അതിന്റെ പിന്നിലുള്ള സത്യം. ആദ്യത്തേത് പെണ്ണാണെങ്കിൽ രണ്ടാമത്തേതും പെണ്ണായിപ്പോകുമോയെന്ന ആശങ്കയും ഉൽക്കണ്ഠയും അസ്വസ്ഥരാക്കിയാൽ അവരെ കുറ്റം പറയാനൊക്കില്ലല്ലോ. എന്നാൽ ആണായാലും പെണ്ണായാലും കുഴപ്പമില്ലെന്നും കുഞ്ഞിത്തിരി വെളുത്തിരുന്നാൽ മതിയെന്നുമുള്ള ചെറിയൊരാഗ്രഹം മനസിൽ സൂക്ഷിക്കുന്നവരുമുണ്ട്. ആഗ്രഹിക്കുന്നത് നമ്മളാണെങ്കിലും തരുന്നത് ഈശ്വരനല്ലേ. നമുക്ക് അതിലെന്താണ് ചെയ്യാൻ കഴിയുക. എന്ന സമാധാനി

നമ്മുടെ സ്വഭാവസവിശേഷതകൾക്കെല്ലാം അടിസ്ഥാനകാരണം ജീനുകളാണെന്നറിയാമല്ലോ. ഓരോ സ്വഭാവത്തെയും നിയന്ത്രിക്കുന്നത് ഒരു ജോഡി ജീനുകളാണ്. ഒന്ന് അച്ഛനിൽ നിന്ന് കിട്ടിയതും മറ്റേത് അമ്മയിൽ നിന്ന് കിട്ടിയതും. അത് തൊലിയുടെ നിറത്തെ സംബന്ധിക്കുന്നതായാലും ഉയരത്തെ സംബന്ധിക്കുന്നതായാലും.

ച്ചാൽ കുഴപ്പമില്ല. എന്നാൽ കുഞ്ഞ് വെളുത്തത് തന്നെയായിരിക്കണമെന്ന് നിർബന്ധം പിടിച്ചാലോ? അവർ അതിനുള്ള ഉപായം തേടും, അത്ര തന്നെ. അപ്രായോഗികമാണെങ്കിലും അതിനുള്ള പോംവഴി തേടുന്നവരുടെ എണ്ണം അത്ര ചെറുതൊന്നുമല്ല കേട്ടോ. ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞ് വെളുക്കുമെന്ന നാട്ടറിവ് അവരുടെ ആഗ്രഹത്തിന് ബലവും നൽകുന്നുണ്ട്. യഥാർത്ഥത്തിൽ ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞ് വെളുക്കുമോ? ഒറ്റയടിക്ക് ഉത്തരം പറയാൻ വരട്ടെ. അതിനു മുൻപ് നമുക്ക് അല്പം ശാസ്ത്രം പഠിക്കാം.

അച്ഛനും 'അമ്മയും കറുപ്പ്. മകൾ വെളുപ്പ്. കറുത്ത ദമ്പതികൾക്ക് എങ്ങനെ വെളുത്ത മകളെ കിട്ടി. അച്ഛനമ്മമാർക്ക് സംശയമില്ലെങ്കിലും ദോഷൈകദൃക്കുകളെ നമുക്ക് കണ്ടില്ലെന്നു നടിക്കാനാവില്ലല്ലോ. നമുക്കതിന്റെ പൊരുളന്വേഷിക്കാം. അല്പം ജനിതകശാസ്ത്രം മനസിലാക്കണമെന്നേയുള്ളൂ.

നമ്മളാരും അച്ഛന്റെയും അമ്മയുടെയും അല്ലെങ്കിൽ അവരിരുവരുടെയും തനിപ്പകർപ്പുകളല്ല. അൻപതുശതമാനം മാത്രമേ അവരുടെ സ്വഭാവസവിശേഷതകൾ കിട്ടുകയുള്ളൂ. പിന്നെയുള്ള അൻപതിൽ ഇരുപത്തഞ്ചു ശതമാനം സ്വഭാവം അപ്പൂപ്പന്റെയും അമ്മുമ്മയുടെയുമായിരിക്കും. ബാക്കിയുള്ളത് മുത്തച്ഛൻ മുത്തശ്ശി മുതുമുത്തച്ഛൻ മുതുമുത്തശ്ശി..... അങ്ങനെ ഒരു നീണ്ട തലമുറകളിൽപെട്ടവരുടെ സ്വഭാവങ്ങളുടെ സ്വാംശീകരണമായിരിക്കും. എന്നുവച്ചാൽ നൂറുശതമാനവും അച്ഛനമ്മമാരെ പോലിരിക്കില്ല മക്കളെന്നർത്ഥം. അതുകൊണ്ടാണ് അച്ഛനമ്മമാർക്കില്ലാത്ത സ്വഭാവങ്ങൾ അവർ കാണിക്കുന്നതും അവർക്കുള്ളത് മക്കൾ കാണിക്കാത്തതും.

നമ്മുടെ സ്വഭാവസവിശേഷതകൾക്കെല്ലാം അടിസ്ഥാനകാരണം ജീനുകളാണെന്നറിയാമല്ലോ. ഓരോ സ്വഭാവത്തെയും നിയന്ത്രിക്കുന്നത് ഒരു ജോഡി ജീനുകളാണ്. ഒന്ന് അച്ഛനിൽ നിന്ന് കിട്ടിയതും മറ്റേത് അമ്മയിൽ നിന്ന് കിട്ടിയതും. അത് തൊലിയുടെ നിറത്തെ സംബന്ധിക്കുന്നതായാലും ഉയരത്തെ സംബന്ധിക്കുന്നതായാലും. ഈ ജോഡിയിൽ ഒരാൾ (ജീൻ) ചിലപ്പോൾ പ്രബലനും മറ്റെയാൾ ദുർബലനുമായിരിക്കാം അല്ലെങ്കിൽ ഇരുവരും പ്രബലരായിരിക്കാം. പ്രബലന്റെ സ്വഭാവമാകും പ്രകടമാവുക. ഇനി മാതാപിതാക്കളുടെ സ്വഭാവമല്ല കുട്ടികൾ കാണിക്കുന്നതെങ്കിൽ പേടിക്കേണ്ട അത് മുൻതലമുറയിൽപ്പെട്ടവരുടേതായിരിക്കും.

അപ്പോൾ തുടക്കത്തിൽ പറഞ്ഞതുപോലെ കറുത്തദമ്പതികൾക്കെങ്ങനെ വെളുത്തകുഞ്ഞ് ജനിച്ചു. ഇവിടെയാണ് ജീനുകളുടെ കള്ളക്കളികൾ മനസ്സിലാക്കേണ്ടത്. അച്ഛനിലും അമ്മയിലും ഉറങ്ങിക്കിടന്ന അല്ലെങ്കിൽ നിഷ്ക്രിയമായിക്കിടന്ന അച്ഛന്റെയോ അമ്മയുടേയോ തലമുറയിൽപ്പെട്ട ഏതോ വെളുത്ത ബന്ധുവിന്റെ ജീൻ കുട്ടിയിലെത്തിയപ്പോൾ സജീവമായി. അങ്ങനെ കുഞ്ഞിന് വെളുത്തനിറം കിട്ടി. അതായത് നമ്മൾ കാണിക്കുന്ന എന്നാൽ നമ്മുടെ അച്ഛനമ്മമാർക്കില്ലാത്ത ഗുണങ്ങൾ ഒരുപക്ഷെ നമ്മുടെ പൂർവികരിലുണ്ടായിരുന്നിരിക്കാം. അത്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവ പുറത്തുവരുമ്പോൾ കാണുന്നവർ ഞെട്ടാം . സംശയമുന്നയിക്കാം. ഇവിടെ ശാസ്ത്രം സഹായത്തിനെത്തും. പണ്ഡിതന്മാരായ മാതാപിതാക്കൾക്ക് ബുദ്ധികുറഞ്ഞ മക്കൾ ജനിക്കുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. അച്ഛന്റെയോ അമ്മയുടേയോ കുടുംബത്തിൽ ഏതോ ഒരു ആനമണ്ടൻ ഉണ്ടായിരുന്നിരിക്കാം. അതിനു നിമിത്തമായ ജീൻ മകനിൽ അല്ലെങ്കിൽ മകളിൽ സജീവമായപ്പോൾ അവൻ അല്ലെങ്കിൽ അവളൊരു വിഡ്ഢികുശ്മാണ്ഡമായിപ്പോയി എന്ന് വിചാരിച്ചാൽ മതി. അതുകൊണ്ട് വെളുത്തദമ്പതിമാരുടെ കറുത്തകുട്ടികളെ കണ്ടിട്ടോ മടയന്മാരായ അച്ഛനമ്മമാരുടെ ബുദ്ധിശാലികളായ മക്കളെ കണ്ടിട്ടോ അതിശയം കൂറേണ്ട കാര്യമില്ല. എല്ലാം ജീനിന്റെ കളികളെന്നു ധരിച്ചാൽ മതി.

ഇനി തലക്കെട്ടിൽ സൂചിപ്പിച്ച വിഷയത്തിലേക്കു വരാം. കുങ്കുമപ്പൂവാണല്ലോ ഇവിടെ കഥാനായകൻ . ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞിന് പൊന്നിന്റെ നിറം കിട്ടുമെന്ന് കരുതി കഴിക്കുന്നവരുടെ എണ്ണവും കുറവല്ല. ആ വിശ്വാസത്തിന് ഏറെ പഴക്കവുമുണ്ട്. ശാസ്ത്രീയ പിൻബലമില്ലാത്ത ആ വിശ്വാസത്തിന് ഈ സ്മാർട്ട് ഫോൺ യുഗത്തിലും മങ്ങലേറ്റിട്ടില്ല എന്നതാണ് പരമാർത്ഥം. എന്തായാലും ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞ് വെളുക്കുമോ എന്ന ചോദ്യത്തിന് മുന്നിൽ മൗനം അവലംബിക്കുന്ന ശാസ്ത്രം വ്യക്തമാക്കുന്ന മറ്റൊരു സത്യമുണ്ട്. അളവിൽക്കൂടിയാൽ കുങ്കുമപ്പൂവ് ഗർഭഛിദ്രമുണ്ടാക്കും.

ഹിമകണങ്ങൾ മേലാപ്പണിഞ്ഞ കാശ്മീരിൽ കുളിരാസ്വദിച്ച് വളരുന്ന കുങ്കുമപ്പൂവിന് ഔഷധഗുണങ്ങളേറെയാണ്. ക്രോക്കസ് സടൈവസ് എന്ന് ശാസ്ത്രനാമമുള്ള കുങ്കുമപ്പൂവിന് ഭാവരക്തയെന്നു സംസ്കൃതത്തിലും സാഫ്രോൺ എന്ന് ആംഗലേയഭാഷയിലും പറയും. ഒരു യൂറോപ്യൻ സ്വദേശിയായ കുങ്കുമപ്പൂവിന്റെ അഗ്രം മൂന്നായി പിരിഞ്ഞ ഗർഭകേസരഗ്രത്തിലാണ് (സ്റ്റിഗ്മ) ഔഷധഗുണമേറെയുള്ളത്. അതിനെ പറിച്ചെടുത്ത് ചെറുചൂടിൽ ഉണക്കിയെടുത്താണ് ഉപയോഗിക്കുന്നത്. ആയുർവേദത്തിലും യൂനാനിയിലും സിദ്ധവൈ

ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞിന് പൊന്നിന്റെ നിറം കിട്ടുമെന്ന് കരുതി കഴിക്കുന്നവരുടെ എണ്ണവും കുറവല്ല. ആ വിശ്വാസത്തിന് ഏറെ പഴക്കവുമുണ്ട്. ശാസ്ത്രീയ പിൻബലമില്ലാത്ത ആ വിശ്വാസത്തിന് ഈ സ്മാർട്ട് ഫോൺ യുഗത്തിലും മങ്ങലേറ്റിട്ടില്ല എന്നതാണ് പരമാർത്ഥം. എന്തായാലും ഗർഭകാലത്ത് കുങ്കുമപ്പൂവ് കഴിച്ചാൽ കുഞ്ഞ് വെളുക്കുമോ എന്ന ചോദ്യത്തിന് മുന്നിൽ മൗനം അവലംബിക്കുന്ന ശാസ്ത്രം വ്യക്തമാക്കുന്ന മറ്റൊരു സത്യമുണ്ട്. അളവിൽക്കൂടിയാൽ കുങ്കുമപ്പൂവ് ഗർഭഛിദ്രമുണ്ടാക്കും.



ദ്യത്തിലും മരുന്നായി ഉപയോഗിക്കുന്ന കുങ്കുമപ്പൂവിന് ചികിത്സാരംഗത്ത് മുന്തിയസ്ഥാന മാണുള്ളത്. നാലോ അഞ്ചോ സ്റ്റിഗ്മയെടുത്ത് പാലിലോ തൈരിലോ കലക്കി കുടിച്ചാൽ ധാരാളം ഗുണങ്ങൾ കിട്ടുമെന്നത് സത്യം തന്നെ. എന്നാൽ കുഞ്ഞിനെ വെളുപ്പിക്കാനുള്ള ശേഷി കുങ്കുമപ്പൂവിന് ഇല്ല. എന്നാൽ അളവിൽ (ദിവസേന 10 മില്ലിഗ്രാം) കൂടിയാൽ ഗർഭഛിദ്ര മുണ്ടാവുമെന്ന് ഗവേഷണം പറയുന്നു. കുങ്കുമപ്പൂവ് ഒരു ലൈംഗികോത്തേജനിയായതുകൊണ്ട് ഗർഭകാലത്ത് കൂടുതൽ കഴിക്കുന്നതും നല്ലതല്ല.

തൊലിക്ക് നിറം കൊടുക്കുന്നത് മെലാനിൻ എന്ന വർണ വസ്തുവാണ്. മെലാനിൻ ധാരാളമുള്ളയാൾ കറുത്തിരിക്കും. തീരെകുറവെങ്കിൽ വെളുത്തിരിക്കും. അതായത് നമുക്ക് ജനിതകമായി കിട്ടിയിട്ടുള്ള മെലാനിന്റെ അളവിനെ ആശ്രയിച്ചായിരിക്കും തൊലിയുടെ നിറം. പ്രസ്തുത വർണവസ്തുവിന്റെ പ്രവർത്തനം കൊള്ളുന്ന വെയിലിന്റെ അളവിനെക്കൂടി ആശ്രയിച്ചിരിക്കും. പാടത്ത് പണിയെടുക്കുന്നവർ കറുത്ത് കരുവാളിച്ചിരിക്കുന്നതിന്റെയും എയർകണ്ടിഷനിലിരിക്കുന്നവൻ നിറം മങ്ങാതിരിക്കുന്നതിന്റെയും രഹസ്യം മറ്റൊന്നല്ല.. വസ്ത്രം മറയിട്ട ശരീരഭാഗം വെളുത്തതും വെയിലേൽക്കുന്നിടം കറുത്തതുമാണല്ലോ. ചോരക്കുഞ്ഞുങ്ങൾ മിക്കവാറും ഒരേ നിറത്തിലിരിക്കുന്നത് സൂര്യപ്രകാശമേൽക്കാത്തതുകൊണ്ടാണ്. എപ്പോഴാണോ വെയിൽ കൊള്ളാനിടവരുന്നത് അപ്പോഴാണ് മെലാനിൻ സൂര്യപ്രകാശവുമായി പ്രവർത്തിച്ച് യഥാർത്ഥ നിറം കിട്ടുന്നത്. കുങ്കുമപ്പൂവിന് ഒരിക്കലും മെലാനിന്റെ അളവ് കുറയ്ക്കാൻ കഴിയില്ല. എന്നുവച്ചാൽ കുഞ്ഞിനെ വെളുപ്പിക്കാൻ കുങ്കുമപ്പൂവിനാവില്ലെന്നർത്ഥം. വെളുപ്പിനേക്കാൾ അഴകല്ലേ കറുപ്പിന്. ഞാവൽപ്പഴങ്ങൾ എന്ന സിനിമയിൽ മുല്ലനേഴി എഴുതി ശ്യാം ഈണമിട്ട വരികൾ നോക്കൂ.

കറുകറുത്തൊരു പെണ്ണാണ
കടഞ്ഞെടുത്തൊരു മെയ്യാണ(2)
കാടിന്റെ ഓമനമോളാണ്
ഞാവൽപഴത്തിന്റെ ശേലാണ
എള്ളിൻ കറുപ്പ് പുറത്താണ്
ഉള്ളിന്റെ ഉള്ളു തുടുത്താണ്.....

*(പംക്തികാരൻ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.ഫോൺ 9447342497)*

നമുക്ക് ജനിതകമായി കിട്ടിയിട്ടുള്ള മെലാനിന്റെ അളവിനെ ആശ്രയിച്ചായിരിക്കും തൊലിയുടെ നിറം. പ്രസ്തുത വർണവസ്തുവിന്റെ പ്രവർത്തനം കൊള്ളുന്ന വെയിലിന്റെ അളവിനെക്കൂടി ആശ്രയിച്ചിരിക്കും. പാടത്ത് പണിയെടുക്കുന്നവർ കറുത്ത് കരുവാളിച്ചിരിക്കുന്നതിന്റെയും എയർകണ്ടിഷനിലിരിക്കുന്നവൻ നിറം മങ്ങാതിരിക്കുന്നതിന്റെയും രഹസ്യം മറ്റൊന്നല്ല..

# ...എന്ന് വായനക്കാർ

## വ്യത്യസ്ത അനുഭവമായി ഏപ്രിൽ ലക്കം

പഞ്ചായത്ത്‌രാജ് മാസികയുടെ ഏപ്രിൽ 2017 ലക്കം വ്യത്യസ്ത അനുഭവമായി. പുതിയ പംക്തികളും മികച്ച ലേഖനങ്ങളും ഉൾപ്പെടുത്തിയപ്പോൾ പഞ്ചായത്ത്‌രാജ് തികച്ചും നവമാസികയായി. വാർത്തകൾ വിശേഷങ്ങൾ പംക്തിയിൽ സർക്കാർ ഉത്തരവുകളോടൊപ്പം വകുപ്പിലെ മറ്റ് വാർത്തകൾ കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ കുറച്ചുകൂടി ഉപകാരപ്രദമായേനെ. നിലവിലെ പംക്തികളോടൊപ്പം ജീവനക്കാർക്കായി ഒരു പ്രത്യേക പംക്തി കൂടി ഉൾപ്പെടുത്തിയാൽ നന്നായിരുന്നു. കൂടുതൽ മികവുറ്റ ലക്കങ്ങൾ പ്രതീക്ഷിക്കുന്നു.

വിനോദ്കൃഷ്ണൻ, പെരുമ്പറമ്പിൽ
വെങ്ങാട്, മലപ്പുറം

## കൂടുതൽ ഭംഗിയാവട്ടെ മാസിക

പുതിയ കെട്ടും മട്ടും പുതിയ പംക്തികളും വ്യത്യസ്തമായ സൃഷ്ടികളും-ആകെ പഞ്ചായത്ത്‌രാജ് മാസിക മാറിയിരിക്കുന്നു. ആർ.ഹേലിയുടെ ലേഖനം മാറുന്ന കൃഷിയെ സംബന്ധിച്ച് ഉൾക്കാഴ്ച നൽകുന്നു. ഭൗമദിനത്തിന്റെ പ്രാധാന്യം കാണിച്ചുതന്നു പത്മലാലിന്റെ ലേഖനം. അംബേദ്കർ ദർശനത്തിന്റെ സമകാലികപ്രസക്തിയും അംബേദ്കർ ജീവിതരേഖയും ബേബി തോമസ് എഴുതിയത് നന്നായി. വിഷുലേഖനങ്ങൾ അറിവ് പകർന്നു. കവിത മരുഭൂമി അനുഭവമായി. കൂടുതൽ കൂടുതൽ ഭംഗിയാവട്ടെ മാസിക.

ഹിരൺ.പി.റ്റി
പുണർതം,നന്ദിയോട്

## എല്ലാവിധ ആശംസകളും

പഞ്ചായത്ത് മാസികയുടെ ഏപ്രിൽ ലക്കം കൃഷിയെ സംബന്ധിച്ചിട്ടുള്ള പതിപ്പായത് നന്നായി. മന്ത്രി വി. എസ്. സു   നിൽ കുമാറിന്റെ ലേഖനം മികവുറ്റതായി. പുതുതലമുറയെ കൃഷിയിലേക്ക് കൊണ്ടുവരാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് എല്ലാവിധ ആശംസകളും.

പ്രഭീഷ് മോഹൻ
കായംകുളം

## കണ്ണും കാതും

**വീ.സീ.അഭിലാഷ്**






# അറിവനുഭവങ്ങളുടെ അക്ഷരജാലകം

# പഞ്ചായത്ത്‌രാജ്


## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

വാർഷിക വരിസംഖ്യ ₹ 120

**PANCHAYAT RAJ** (Monthly) May 2017
Annual Subscription ₹120, Published on 20 May 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17



# ഫോർ ദി പീപ്പിൾ

## പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS